CHASS

# ഒരുമ

ചാസ് ബുള്ളറ്റിൻ

ലക്കം : 48 വാല്യം : 19 ജൂലൈ 2018



**Beat Plastic Pollution**

## പ്ലാസ്റ്റിക്ക് വില്ലനാകുമ്പോൾ

# പരിസ്ഥിതിദിന വാരാചരണം



പരിസ്ഥിതി ദിനാചരണം ജൂൺ 5 ചാസ് അങ്കണത്തിൽ
ചങ്ങനാശ്ശേരി മുൻസിഫ് മജിസ്ട്രേറ്റ് [illegible] വൃക്ഷത്തൈ നടുന്നു.



കുട്ടനാട് മേഖലാതല ഉദ്ഘാടനം [illegible]
[illegible] നിർവഹിക്കുന്നു.




എടത്വാ മേഖല പരിസ്ഥിതി സംരക്ഷണ റാലി
ഫാ. ആന്റണി [illegible] ഫ്ലാഗ് ഓഫ് ചെയ്യുന്നു.



ചങ്ങനാശ്ശേരി മേഖലാതല ഉദ്ഘാടനം ചാസ് ഡയറക്ടർ
ഫാ. ജോസഫ് കളരിക്കൽ നിർവഹിക്കുന്നു.



ആലപ്പുഴ മേഖല പരിസ്ഥിതി ദിനാചരണ
ബോധവത്കരണം



[illegible] യൂണിറ്റിൽ സംഘടിപ്പിച്ച
പരിസ്ഥിതി ദിനാചരണം



[illegible] യൂണിറ്റിൽ സംഘടിപ്പിച്ച
പരിസ്ഥിതി ദിനാചരണം

ലക്കം 48
വാല്യം 19
ജൂലൈ 2018
പേജ് : 48

# ഒരുമ
ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി
സോഷ്യൽ സർവ്വീസ്
സൊസൈറ്റിയുടെ
മുഖപത്രം

രക്ഷാധികാരി
**മാർ ജോസഫ് പെരുന്തോട്ടം**

മാനേജിംഗ് എഡിറ്റേഴ്സ്
**ഫാ. ജോസഫ് കളരിക്കൽ**
**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**

ചീഫ് എഡിറ്റർ
**ശ്രീ. ജോസ് പുതുപ്പള്ളി**

എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്
**ശ്രീ. ജോസ് സെബാസ്റ്റ്യൻ**
**ശ്രീ. ബിനു ജോസഫ്**
**ശ്രീമതി ബിന്ദു തോമസ്**
**ശ്രീമതി ബിന്ദു സിബി**

## ഉള്ളടക്കം


- മുഖമൊഴി
- പ്ലാസ്റ്റിക്ക് വില്ലനാകുമ്പോൾ
- മൈക്രോഫിനാൻസ്
- തണൽ
- ഹരിതവർഷം ഹരിതഗ്രാമം
- കേന്ദ്രവാർത്തകൾ
- മേഖലാവാർത്തകൾ
- ആശാകിരണം
- പരിശീലന പരിപാടികൾ
- ഖാദി
- RRTC
- അസ്സീസി വിദ്യാലയം
- അറിയിപ്പുകൾ


*Design, Layout & Printing @*
**St. Joseph's Orphanage Press, Chry. 0481 2411821**

# മുഖമൊഴി

**പ്രിയ സുഹൃത്തുക്കളെ,**

ജൂൺ മാസം നന്നായി മഴപെയ്തു. സാമാന്യം വലിയ ഒരു വെള്ളപ്പൊക്കവുമുണ്ടായി. കുട്ടനാട്ടിൽ രണ്ടാം കൃഷി ഇല്ലാത്ത മേഖലകളെയാണ് വെള്ളപ്പൊക്കം സാരമായി ബാധിച്ചത് . ഇടത്തോടുകളും കുളങ്ങളും നികന്നുപോയി. നീരൊഴുക്ക് കുറഞ്ഞ് വെള്ളം പലയിടങ്ങളിലും, റോഡുകളിലും ദീർഘനാൾ കെട്ടിക്കിടക്കുന്നതിന് കാരണമായി. പോളയും കളകളുംകൊണ്ട് മൂടിപ്പോയ സാമാന്യം വലിയ തോടുകളിലും നീരൊഴുക്ക് തടസ്സപ്പെടുന്നുണ്ട്. തലങ്ങും വിലങ്ങും കുട്ടനാട്ടിലൂടെ നിർമ്മിക്കപ്പെട്ട റോഡുകളുടെയും പാലങ്ങളുടെയും അശാസ്ത്രീയതയും കുട്ടനാട്ടിലെ വെള്ളപ്പൊക്കം കൂടുതൽ ദുരിതപൂർണമാക്കി. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ (ACറോഡ്) തെക്കും വടക്കും ഭാഗങ്ങളിൽതന്നെ ജലനിരപ്പ് ഒരടിയിലധികം വ്യത്യാസപ്പെട്ടിരിക്കുന്നു.

കുട്ടനാടൻ മേഖലയിലാകമാനവും കിഴക്കൻ പ്രദേശങ്ങളിലും വെള്ളപ്പൊക്കവും കുത്തൊഴുക്കും, മണ്ണിടിച്ചിലും മരങ്ങൾ കടപുഴകുന്നതും കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് രൂക്ഷമായിരുന്നു. വലിയ വ്യതിയാനങ്ങൾ മഴയുടെയും മണ്ണിന്റെയും നീരൊഴുക്കിന്റെയും ഘടനയിൽ സംഭവിച്ചിട്ടുണ്ട്. പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണത്തിന്റെ പരിണിതഫലങ്ങളാണിവയെല്ലാം. പ്രകൃതി സംരക്ഷണത്തെ ഗൗരവമായി എടുക്കാത്ത രാജ്യങ്ങളിലും, പ്രദേശങ്ങളിലും മനുഷ്യന്റെയും ജീവജാലങ്ങളുടേയും നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടുകയാണിന്ന്. പ്രകൃതി വിഭവങ്ങളും പരിസ്ഥിതിയും സംരക്ഷിക്കുക ഓരോ വ്യക്തിയുടെയും കടമയാണെന്ന തിരിച്ചറിവ് ഉണ്ടാകാത്തിടത്തോളം കാലം ഈ വലിയ പ്രതിസന്ധിക്ക് പരിഹാരമുണ്ടാവില്ല.

**പ്ലാസ്റ്റിക്ക് മാനേജ്മെന്റിന്റെ ആവശ്യകത**

വെള്ളപ്പൊക്കത്തിൽ ആറ്റിലൂടെയും നീരൊഴുക്കുള്ള തോടുകളിലൂടെയും വളരെയധികം മാലിന്യം ഒഴുകുന്നുണ്ട്. അതിലേറെയും പ്ലാസ്റ്റിക്കോ, പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ മറ്റുമാലിന്യങ്ങളോ ആണ്. ജലസ്രോതസുകളും അവയുടെ തീരങ്ങളും മാലിന്യനിക്ഷേപത്തിനുള്ള സ്ഥലമായി കരുതുന്നതിന്റെ ഫലം! മഴക്കാലത്ത് പുതുജലം ഒഴുകിയെത്തി ജലസ്രോതസ്സുകൾ ശുചിയാക്കുന്നതിനുപകരം അവയെ കൂടുതൽ മലീമസമാക്കുന്നു. ഓരോസ്ഥലത്തും വീട്, സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, തൊഴിൽശാലകൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ

ശാസ്ത്രീയമായ രീതിയിൽ ഉറവിടങ്ങളിൽ തന്നെ സംസ്ക്കരിച്ചിരുന്നെങ്കിൽ മാലിന്യക്കൂമ്പാരങ്ങൾ ഒഴിവാക്കാമായിരുന്നു. ഇന്ന് ജലാശയങ്ങൾ മാലിന്യവാഹിനികളായി രൂപാന്തരപ്പെടുന്നു. ഇതിനൊരു പരിഹാരം ഉണ്ടായേമതിയാകൂ. ചാസിന്റെ പ്രവർത്തകർ നിർബന്ധമായും വ്യക്തി, സംഘം, യൂണിറ്റ് തലങ്ങളിൽ ക്രിയാത്മകമായ പദ്ധതികൾക്ക് രൂപംനൽകി നടപ്പിലാക്കാൻ ശ്രദ്ധിക്കണം. ഒരുമയുടെ ഈ ലക്കത്തിൽ പ്ലാസ്റ്റിക്ക് മൂലമുണ്ടാകുന്ന ആരോഗ്യ-പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള ലേഖനം കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് നമ്മെ സഹായിക്കും.

പ്ലാസ്റ്റിക്കുപോലുള്ള അജൈവവസ്തുക്കളുടെ ഉപയോഗം കുറയ്ക്കാനും അവയ്ക്കുപകരം പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനും ഒരിക്കൽമാത്രം ഉപയോഗിച്ച് വലിച്ചെറിയുന്നവ ഉപേക്ഷിച്ച് ആവർത്തിച്ചുപയോഗിക്കാവുന്നവയ്ക്ക് മുൻഗണന നല്കാനും ശ്രദ്ധിക്കണം. ''ഹരിതവർഷം-ഹരിതഗ്രാമ''-ത്തിന്റെ തുടർച്ചയായ ആശാകിരണം പദ്ധതിയുടെ ഭാഗമായി കാണാൻ ഭംഗിയും ഉപയോഗിക്കാൻ എളുപ്പവുമുള്ള തുണിസഞ്ചി ചാസ് സംലഭ്യമാക്കിയിട്ടുണ്ട്. ഒരിക്കൽ വാങ്ങിയാൽ ദീർഘകാലം ഉപയോഗിക്കാൻ കഴിയും. പ്ലാസ്റ്റിക്ക് സഞ്ചികൾ അനാവശ്യമായി നമ്മുടെ വീടുകളിൽ വരുന്നത് ഒഴിവാക്കാനും സഹായിക്കും. പേഴ്സ് രൂപത്തിൽ മടക്കിവയ്ക്കാവുന്ന ഈ തുണിസഞ്ചിക്കൊപ്പം മറ്റ് തുണിസഞ്ചി മാതൃകകളും നിർമ്മിക്കുന്നുണ്ട്. യൂണിറ്റുകളും സംഘങ്ങളും ഇവ ഉപയോഗിക്കാൻ അംഗങ്ങളെ പ്രേരിപ്പിക്കണം.

**നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും**

**(1) ഊർജ്ജിതം -**പുതിയ പ്രവർത്തനവർഷത്തെ ആദ്യമൂന്നു മാസം സംഘം, യൂണിറ്റ് മേഖലാ തലങ്ങളിൽ വളരെ സജീവമായ പ്രവർത്തനങ്ങൾ നടന്നു എന്നത് ഏറെ സന്തോഷം നല്കുന്നു. മേഖലാതലത്തിൽ ഊർജ്ജിതം 2018 ന്റെ ഭാഗമായി പുതിയ സംഘങ്ങളുടെ സംഗമവും സംഘടിപ്പിക്കപ്പെട്ടു. ചാസിൽ കണ്ണിചേർന്നു പ്രവർത്തിക്കുന്ന എല്ലാവരും അടിസ്ഥാനപരമായി ചാസിന്റെ വീക്ഷണവും ദൗത്യവും നിലപാടുകളും പ്രവർത്തനശൈലിയും മനസ്സിലാക്കി, ക്രമമായും വികസനോന്മുഖമായും പ്രവർത്തിക്കണമെന്ന ലക്ഷ്യത്തോടെയാണ് ഊർജ്ജിതം നടപ്പാക്കിയത്. പൊതുവെ വിജയമായിരുന്നെങ്കിലും ചില മേഖലകളിൽ ഉദ്ദേശ്യലക്ഷ്യം സാധിച്ചോ എന്നു സംശയമുണ്ട്. തുടർനടപടിയെന്ന നിലയ്ക്ക് വർഷത്തിൽ രണ്ട് പ്രാവശ്യം പുരുഷ SHG അംഗങ്ങളുടെ മേഖലാതലസംഗമം നടത്തുന്നതായിരിക്കും. ഒപ്പം മൂന്നുമാസത്തിലൊരിക്കൽ സംഘങ്ങളുടെ ലീഡേഴ്സ് മീറ്റിംഗും മേഖലാതലത്തിൽ മേഖലാ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ കൂടുന്നതായിരിക്കും. അടുത്തസംഗമം ഒക്ടോബർ നവംബർ മാസങ്ങളിൽ ക്രമീകരിക്കണം. മുഴുവൻ സംഘാംഗങ്ങളും

പങ്കെടുക്കണം. 2018-19 കാലഘട്ടത്തിൽ രൂപീകൃതമാകുന്ന പുതിയ സംഘങ്ങളുടെ പരിശീലനം 2019 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ക്രമീകരിക്കും.

**(2) പ്രാദേശികയൂണിറ്റുകളും സംഘങ്ങളും**

പ്രാദേശികയൂണിറ്റുകൾ വനിത-പുരുഷ SHG കളെ തങ്ങളുടെ പ്രധാനപ്പെട്ട പ്രവർത്തനമായി അംഗീകരിക്കണം. ആവശ്യമായ പരിശീലനവും പിന്തുണയും നല്കണം. ലീഡേഴ്സ് മീറ്റിംഗും സംഗമങ്ങളും ക്രമീകരിച്ച് പദ്ധതികളും പരിപാടികളും അവർക്ക് വിശദീകരിച്ചു കൊടുക്കേണ്ടചുമതലയും പ്രാദേശിക യൂണിറ്റുകൾക്കുണ്ട്. ക്രെഡിറ്റ് യൂണിയനുകളിൽനിന്നും ബാങ്കുകളിൽനിന്നും മറ്റ് ഏജൻസികളിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് മൂലധനം സംലഭ്യമാക്കാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അതുപോലെതന്നെ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ പരിശോധിക്കുകയും വേണം. പ്രാദേശികയൂണിറ്റുകൾ മുഖാന്തിരമാണ് വ്യക്തികളും സംഘങ്ങളും ചാസുമായി ബന്ധപ്പെടുക. ചാസിന്റെ എല്ലാപദ്ധതികളും സമൂഹത്തിന് സുപരിചിതമാക്കുകയും വേണം.

**(3) യൂണിറ്റിന്റെയും സംഘങ്ങളുടെയും മാസാന്ത്യകണക്കുകൾ**

നമ്മുടെ പ്രവർത്തനങ്ങൾ കൃത്യമായും സുതാര്യമായും എഴുതി സൂക്ഷിക്കുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സംഘങ്ങൾ ഓരോ മാസത്തെയും കണക്കുകൾ നിർദ്ദിഷ്ട ഫോറത്തിൽ എഴുതി ഒരുകോപ്പി പ്രാദേശികയൂണിറ്റിലും മറ്റൊന്ന് ചാസ് കേന്ദ്രഓഫീസിലും ഏൽപ്പിക്കേണ്ടതാണ്. മാസംതോറുമുള്ള ലീഡേഴ്സ് മീറ്റിംഗിൽ തലേമാസത്തെ കണക്ക് ശേഖരിച്ച് കോ-ഓർഡിനേറ്ററെ ഏൽപ്പിക്കാൻ യൂണിറ്റുകൾ ശ്രദ്ധിക്കണം. യൂണിറ്റുകളിലെ ക്രെഡിറ്റ് യൂണിയന്റെ വരവ് ചെലവ് കണക്കും ഓരോമാസവും കൃത്യമായി ചാസിൽ ഏൽപ്പിക്കേണ്ടതാണ്. ചില യൂണിറ്റുകളിലെങ്കിലും ക്രെഡിറ്റ് യൂണിയൻ മുഖാന്തിരം സമാഹരിച്ച തുകകൾ വായ്പ നൽകാതെ കെട്ടിക്കിടക്കുന്നതായി കാണുന്നു. യൂണിറ്റിന് ബാധ്യത വരുത്തിവയ്ക്കുന്ന ഒരു പ്രശ്നമാണിത്.

**(4) മ്യൂചൽ ബനഫിറ്റ് സ്കീമും SHG ഡത്ത് ഫണ്ടും**

വളരെ വിജയകരമായ രീതിയിൽ ചാസ് നടപ്പിലാക്കിവരുന്ന രണ്ട് പദ്ധതികളാണ് മ്യൂചൽ ബനഫിറ്റ് സ്കീമും SHG ഡത്ത് ഫണ്ടും. MBS നടപ്പാക്കാൻ തുടങ്ങിയപ്പോൾ നൽകിയ നിർദ്ദേശങ്ങൾ (30.03.2014, 18.09.2015 തീയതികളിലെ കത്തുകൾ ശ്രദ്ധിക്കുക) പാലിച്ചുകൊണ്ടു മാത്രമേ യൂണിറ്റുകൾ മരണാനന്തരസഹായത്തിനും ചികിത്സാസഹായത്തിനും അംഗങ്ങളെ ശുപാർശചെയ്യാവൂ. ക്രെഡിറ്റ് യൂണിയന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് MBS ആരംഭിച്ചിരിക്കുന്നത്. മാസത്തിലൊരിക്കലെങ്കിലും അക്കൗണ്ടിൽ പണം നിക്ഷേപിക്കുന്നുണ്ടെന്നും അഞ്ഞൂറ് രൂപയെങ്കിലും നിക്ഷേപബാക്കി എപ്പോഴും ഉണ്ടെന്നും ഉറപ്പുവരു

ത്തണം. മാത്രമല്ല അംഗത്തിന്റെ അക്കൗണ്ടിൽ നിന്നുതന്നെ വാർഷിക പ്രീമിയമായ 100 രൂപ ചാസിൽ അടയ്ക്കുകയും വേണം. ഒരുവർഷം 100 രൂപ മാത്രം പ്രീമിയമായി നല്കിയതുകൊണ്ട് യൂണിറ്റിലെ എല്ലാ അംഗങ്ങൾക്കും തൻ വർഷം പതിനായിരം രൂപ വാങ്ങിക്കൊടുക്കാൻ ചില യൂണിറ്റു ഭാരവാഹികൾ ഉത്സാഹിക്കുന്നതായി മനസിലാക്കുന്നു. ചികിത്സാസഹായത്തിനും മാനദണ്ഡങ്ങൾ ബാധകമാണ്. രണ്ടാമത്തെ വർഷം മുതൽ മാത്രമേ ചികിത്സാസഹായം ലഭ്യമാകൂ എന്ന കാര്യം മറന്നുപോകരുത്.

SHG ഡത്ത് ഫണ്ട് വിഹിതം അടയ്ക്കുന്നത് ഒരു സംഘം സജീവമാണെന്നുള്ളതിന്റെ മാനദണ്ഡമാണ്. യൂണിറ്റുകൾ ക്രെഡിറ്റ് യൂണിയനിൽ നിന്നും സംഘങ്ങൾക്ക് വായ്പ നൽകുമ്പോഴും സംഘാംഗങ്ങളെ ബാങ്ക് ലിങ്കേജ്, ജെഎൽജി എന്നിവയ്ക്കായി ശുപാർശചെയ്യുമ്പോഴും നിർബന്ധമായും പ്രസ്തുതസംഘം SHG ഡത്ത് ഫണ്ട് കുടിശികവരുത്താതെ അടയ്ക്കുന്നവരാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ചാസിന്റെ നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിക്കാതെ തങ്ങളുടെ ഇഷ്ടാനുസരണം പ്രവർത്തിക്കുന്ന സംഘങ്ങളെ പ്രോത്സാഹിപ്പിക്കേണ്ട ആവശ്യമില്ല.

### (5) കെയർ എ ഫാമിലി പ്രോഗ്രാം

സുവർണ്ണ ജൂബിലി സ്മാരകമായി നമ്മൾ ആരംഭിച്ച പദ്ധതിയാണ് കെയർ എ ഫാമിലി പ്രോഗ്രാം. ജൂൺ 17 ന് പള്ളികളിൽ വായിക്കാൻ നിർദ്ദേശിച്ചുകൊണ്ട് അഭിവന്ദ്യപിതാവ് ഒരു ഇടയലേഖനം (സർക്കുലർ) പ്രസിദ്ധീകരിച്ചിരുന്നല്ലോ. ആയിരം ബനഫാക്ടേഴ്സിനെയെങ്കിലും നമുക്ക് കണ്ടെത്താൻ കഴിയണം. യൂണിറ്റ് ഭാരവാഹികളും സംഘങ്ങളും സുമനസുകളെ കണ്ടെത്താൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### (6) ഖാദി ഫെസ്റ്റ്

തിരുവോണത്തോടനുബന്ധിച്ച് നമ്മുടെ ഷോറൂമുകളിൽ നടത്തപ്പെടുന്ന ഖാദി ഫെസ്റ്റിന് ഏവരുടെയും പങ്കാളിത്തം ഉണ്ടാകണം. അംഗങ്ങൾ ഖാദി ഉല്പ്പന്നങ്ങൾ വാങ്ങുമ്പോൾ സ്പെഷ്യൽ റിബേറ്റിനുക്ക് പുറമേ 5% അധിക റിബേറ്റും നൽകുന്നതായിരിക്കും.

അടുത്ത മൂന്നുമാസത്തെ പരിപാടികൾ 'ഒരുമ'-യുടെ ഈ ലക്കത്തിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. കൂടുതൽ കാര്യങ്ങൾ ജൂലൈമാസം നടത്തുന്ന PME കളിൽ ചർച്ചചെയ്യുന്നതായിരിക്കും. PME വിവിധ മേഖലകളുടേത് സംയുക്തമായിട്ടായിരിക്കും നടത്തുക. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് കളരിക്കൽ**
*ഡയറക്ടർ*



# പ്ലാസ്റ്റിക്ക് വില്ലനാകുമ്പോൾ

**ജോസ് പുതുപ്പള്ളി**
*പ്രോഗ്രാം ഡയറക്ടർ, ചാസ്*

ജൂൺ 5 ന് പരിസ്ഥിതിയുടെ പ്രാധാന്യം ഓർമ്മിപ്പിച്ചു കൊണ്ട് ഒരു പരിസ്ഥിതിദിനംകൂടി കടന്നുപോയി. പ്രകൃതിയില്ലെങ്കിൽ മനുഷ്യന് നിലനിൽപ്പില്ല. അതുകൊണ്ടുതന്നെ നമുക്കുവേണ്ടിയും വരുംതലമുറയ്ക്കുവേണ്ടിയും പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ബാധ്യത ഓരോവ്യക്തിക്കുമുണ്ട്. 2018 ലെ പരിസ്ഥിതിദിന സന്ദേശം 'പ്ലാസ്റ്റിക്ക് മലിനീകരണത്തെ പ്രതിരോധിക്കാം' എന്നതായിരുന്നു.

**എന്താണ് പ്ലാസ്റ്റിക്ക്**

ചൂടാക്കിയാൽ പെട്ടന്ന് മാറ്റംവരുന്നതും തണുക്കുമ്പോൾ ദൃഢതയോടെ രൂപം നിലനിർത്തുന്നതുമായ വസ്തു, നിർമ്മാണ ചെലവ് വളരെകുറവ്. ഇഷ്ടരൂപത്തിൽ മാറ്റിയെടുക്കാം, ദീർഘകാലം ഉപയോഗിക്കാം എന്നതൊക്കെ പ്ലാസ്റ്റിക്കിന്റെ പ്രത്യേകതയാണ്. ലോകമഹായുദ്ധാനന്തര ലോകത്ത് സാമ്പത്തിക മുന്നേറ്റത്തിന് വഴിതെളിച്ചവസ്തുവാണ് പ്ലാസ്റ്റിക്ക്. കുട്ടികളുടെ കളിപ്പാട്ടം മുതൽ ടി.വി. ഫ്രിഡ്ജ്, വീട്ടുപകരണങ്ങൾ തുടങ്ങി പായ്ക്കിംഗ് സാധനങ്ങൾവരെയും ഭക്ഷവസ്തുക്കളുടെയും കാർഷിക വിളകളുടെയും സംരക്ഷണം ജലവിതരണരംഗത്ത് വിപ്ലവം തുടങ്ങി സാമൂഹ്യ ജീവിതത്തിന്റെ സമസ്തമേഖലകളിലും പ്ലാസ്റ്റിക്കിന്റെ സാന്നിദ്ധ്യമുണ്ട്.

പ്ലാസ്റ്റിക്ക് മലിനീകരണം ഇന്നൊരു തീരാവ്യാധിയാണ്. അത് ലോകം അഭിമുഖീകരിക്കുന്ന ഒരു ദുരന്തമാണ്. കാരണം പ്ലാസ്റ്റിക്ക് മരണമില്ലാത്ത ഒരുവസ്തുവാണ്. പ്ലാസ്റ്റിക്ക് നശിക്കണമെങ്കിൽ 400 മുതൽ 600 വരെ വർഷം കാത്തിരിക്കണം. ചുരുക്കത്തിൽ പ്രകൃതിയിലെ പ്ലാസ്റ്റിക്ക് സാന്നിദ്ധ്യം ഓരോവർഷം കഴിയുന്തോറും മടങ്ങുകളായി വർദ്ധിച്ചുകൊണ്ടിരിക്കും. ഈ സാഹചര്യത്തിലാണ് പ്ലാസ്റ്റിക്കിനെതിരെ പോരാടാൻ ലോകമനസാക്ഷി നമ്മോടാവശ്യപ്പെടുന്നത്.

## പ്ലാസ്റ്റിക്ക് വിശേഷങ്ങൾ

- ❖ പ്രതിവർഷം 500 മില്യൻ (50000 കോടി) പ്ലാസ്റ്റിക്ക് കൂടുകൾ ഉപയോഗിക്കപ്പെടുന്നു.
- ❖ ഒരോവർഷവും 8 മില്യൻ (8 ദശലക്ഷം) ടൺ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കടലിൽ ഒഴുകി എത്തുന്നു.
- ❖ കഴിഞ്ഞ ഒരുനൂറ്റാണ്ടിൽ ഉല്പ്പാദിപ്പ് ഉപയോഗിച്ചതിൽ കൂടുതൽ പ്ലാസ്റ്റിക്ക് കഴിഞ്ഞ ഒരുദശകത്തിൽ ഉല്പ്പാദിപ്പിച്ചു.
- ❖ ആകെ പ്ലാസ്റ്റിക്ക് ഉപയോഗത്തിന്റെ 50 ശതമാനവും ഒരിക്കൽമാത്രം ഉപയോഗിക്കാവുന്നതരത്തിലുള്ളതാണ്. അതായത് ഉപയോഗ ശേഷം മാലിന്യമായി മാറുന്നു. പരമാവധി 5% മാത്രമേ പുനരുപയോഗിക്കപ്പെടുന്നുള്ളൂ.
- ❖ ഒരോ മിനിറ്റിലും ഒരു ദശലക്ഷം പ്ലാസ്റ്റിക്ക് കുപ്പികൾ വിപണനം ചെയ്യപ്പെടുന്നു.
- ❖ ആഗോള മലിനീകരണത്തിന്റെ പത്തുശതമാനവും പ്ലാസ്റ്റിക്ക് മാലിന്യമാണ്.
- ❖ കടൽ മലിനീകരണത്തിൽ 50% പ്ലാസ്റ്റിക്കാണ്.
- ❖ പ്രതിവർഷം ഒരു ലക്ഷം കടൽപക്ഷികളും ഒരുലക്ഷത്തിലധികം കടൽ ജീവികളും എണ്ണമറ്റ മത്സ്യസമ്പത്തും പ്ലാസ്റ്റിക്ക് മലിനീകരണംമൂലം നശിക്കുന്നു.
- ❖ അലക്കുയന്ത്രത്തിൽ കഴുകുന്ന ഒരു പോളിയിസ്റ്റർ/നൈലോൺ വസ്ത്രത്തിൽനിന്നും 1900 മൈക്രോ പ്ലാസ്റ്റിക്ക് കണികകൾ അന്തരീക്ഷത്തിൽ കലരുന്നു.
- ❖ കടലിൽ നിക്ഷേപിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളിൽനിന്നും 51 ലക്ഷം കോടി മൈക്രോ പ്ലാസ്റ്റിക്ക് കണികകൾ കടൽ ജീവികൾക്ക് ഭീക്ഷണി ഉയർത്തുന്നു.
- ❖ ഐക്യരാഷ്ട്ര സഭയുടെ ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗ്ഗനൈസേഷന്റെ റിപ്പോർട്ട് അനുസരിച്ച് 6,40,000 ടൺ മീൻ വലകൾ കടലിൽ ഉപേക്ഷിക്കപ്പെടുന്നുണ്ട്.
- ❖ ഭൂമിയെ നാലുതവണപൊതിയാൻ കഴിയുന്നത്ര പ്ലാസ്റ്റിക് ഓരോ വർഷവും വലിച്ചെറിയപ്പെടുന്നു.

## പ്ലാസ്റ്റിക്ക് ദ്രവിച്ച് നശിക്കുന്നതിനുള്ള കാലദൈർഘ്യം

| | |
|---|---|
| പ്ലാസ്റ്റിക്ക് ബാഗുകൾ | – 200–1000 വർഷം |
| വലകളും നൂലുകളും | – 600 വർഷം |
| ഡയപ്പേഴ്സ് & സാനിറ്ററി നാപ്കിൻസ് | – 550 വർഷം |
| പ്ലാസ്റ്റിക്ക് കുപ്പികൾ | – 450 വർഷം |

## പ്ലാസ്റ്റിക് എന്ന അപകടകാരി

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ 400 –1000 വർഷക്കാലം കേടുകൂടാതിരിക്കുന്നു എന്നതുതന്നെയാണ് ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നം. ഓരോവർഷവും ഉപയോഗിച്ചുപേക്ഷിക്കുന്ന മാലിന്യങ്ങൾ നശീകരിക്കുന്നതിന് അഞ്ച് തലമുറ കാത്തിരിക്കണം. അതായത് ഓരോവർഷവും പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ അളവ് മടങ്ങുകളായി വർദ്ധിക്കുന്നു എന്നുചുരുക്കം. ഇപ്പോൾ തന്നെ ഫ്രാൻസുപോലെയുള്ള ചെറുരാജ്യങ്ങളെക്കാൾ കൂടിയ വിസ്തൃതിയിൽ പ്ലാസ്റ്റിക് മാലിന്യം കടലിൽ ഒഴുകിനടക്കുന്നുണ്ട്. ഈ മാലിന്യങ്ങൾ വെള്ളവും സൂര്യപ്രകാശവുമായുള്ള സമ്പർക്കത്തിലൂടെ കോടിക്കണക്കിന് സൂക്ഷ്മമാത്രകൾ വെള്ളത്തിലേയ്ക്കും അന്തരീക്ഷത്തിലേയ്ക്കും വ്യാപിപ്പിക്കുന്നു. ഇത് മൽസ്യങ്ങളിലും മറ്റു കടൽ ജീവികളിലും പ്രവേശിച്ച് അവ ഉപയോഗിക്കുന്ന മനുഷ്യനിലും വ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുന്നു. അനതിവിദൂര ഭാവിയിൽ കടലിലെ മത്സ്യസമ്പത്തിനെക്കാൾ കൂടിയ അളവ് പ്ലാസ്റ്റിക് സാന്നിദ്ധ്യം ശാസ്ത്രലോകം ഇന്ന് കണക്കുകൂട്ടുന്നു.

## അന്തരീക്ഷമലിനീകരണം

ഇന്നുകണ്ടെത്തിയിട്ടുള്ള അപകടകാരികളായ 47 രാസവസ്തുക്കളിൽ 36 എണ്ണവും പ്ലാസ്റ്റിക്കിലുണ്ട്. പ്ലാസ്റ്റിക്കിൽ അടങ്ങിയിട്ടുള്ള ഡയോക്സിൻ, ഫ്യൂറാൻ, നൈട്രിക് ഓക്സൈഡ് തുടങ്ങിയവ മാരകവിഷങ്ങളാണ്. അതുകൊണ്ടാണ് പ്ലാസ്റ്റിക്ക് കത്തിക്കരുതെന്ന് നിർദ്ദേശിക്കപ്പെടുന്നത്. കത്തിക്കുമ്പോൾ ഇവ അന്തരീക്ഷത്തിൽ കലരുകയും മനുഷ്യൻ അത് ശ്വസിക്കുന്നത് മാരകരോഗങ്ങൾക്ക് കാരണമാവുകയും ചെയ്യും. കാൻസർ, ഹോർമോൺ തകരാറുകൾ, പ്രത്യുത്പാദന പ്രശ്നങ്ങൾ, നാഡിസംബന്ധമായ അസുഖങ്ങൾ, പ്രതിരോധശേഷിക്കുറവ് തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾക്ക് ഇത് വഴിവയ്ക്കുന്നു.

## സാമൂഹ്യപ്രശ്നങ്ങൾ

- മണ്ണിനെ നശിപ്പിക്കുന്നു; ജലാഗീകരണശേഷികുറയ്ക്കുന്നു
- ജലമലിനീകരണം നടത്തുന്നു



- സൂക്ഷ്മജീവികളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു
- മലിനജലം കെട്ടികിടക്കാൻ ഇടയാക്കുന്നു
- കൊതുകുകൾ പെരുകുന്നു
- പകർച്ചവ്യാധികൾ വർദ്ധിക്കുന്നു
- വന്യജീവികളും കടൽ ജീവികളും നശിക്കുന്നു
- മത്സ്യസമ്പത്ത് മടങ്ങുകളായി കുറയുന്നു

**നമുക്ക് ചെയ്യാൻ കഴിയുന്നത്**

- പ്ലാസ്റ്റിക്ക് വസ്തുക്കൾ പരമാവധി ഒഴിവാക്കുക
- തുണിസഞ്ചി, പേപ്പർ ക്യാരി ബാഗ് തുടങ്ങിയവ ഉപയോഗിക്കുക
- പ്ലാസ്റ്റിക്ക് അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക
- പ്ലാസ്റ്റിക്ക് കത്തിക്കുന്നത് പൂർണ്ണമായും ഒഴിവാക്കുക
- പാൽ കവറുകൾ പോലെയുള്ള ഗുണമേന്മയുള്ള പ്ലാസ്റ്റിക്ക് കഴുകി വൃത്തിയാക്കി സൂക്ഷിച്ച് റീ സൈക്ലിംഗിന് നൽകുക.
- പ്ലാസ്റ്റിക്ക് കവറിലുള്ള പാനീയങ്ങൾ പരമാവധി ഒഴിവാക്കുക.
- അലങ്കാരത്തിന് പ്ലാസ്റ്റിക്ക് വസ്തുക്കളും ഫ്ളക്സ് ബോർഡുകളും ഉപയോഗിക്കാതിരിക്കുക.
- കുപ്പിവെള്ളത്തിനുപകരം പുനരുപയോഗിക്കാവുന്ന സ്റ്റീൽ, സെറാമിക്, ഗുണമേന്മയുള്ള കുപ്പികൾ ഉപയോഗിക്കുക.
- പ്ലാസ്റ്റിക്ക് സാനിട്ടറി പാഡുകൾക്കും ഡയപ്പറുകൾക്കു പകരമായി കോട്ടൻതുണികൊണ്ടു നിർമ്മിച്ചവ ഉപയോഗിക്കുക.
- പ്ലാസ്റ്റിക്ക്, തെർമോക്കോൾ, പ്ലേറ്റുകൾക്കു പകരം ഇലകളും ബയോപ്ലേറ്റുകളും ഉപയോഗിക്കുക.
- പ്ലാസ്റ്റിക്ക് കവറുകൾക്കുപകരം പേപ്പർ കവറുകൾ ഉപയോഗിക്കുക.
- പ്ലാസ്റ്റിക്കിനു പകരം ലോഹനിർമ്മിത കളിപ്പാട്ടങ്ങൾമാത്രം കുട്ടികൾക്കു നല്കുക.
- ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനും സൂക്ഷിക്കുന്നതിനും പ്ലാസ്റ്റിക്ക് ഉപയോഗിക്കാതിരിക്കുക.
- പോളീസ്റ്റർ, നൈലോൺ വസ്ത്രങ്ങൾ ഉപയോഗിച്ചശേഷം വലിച്ചെറിയാതെ ബാഗ്പോലെയുള്ളവ നിർമ്മിച്ച് പുനരുപയോഗിക്കുക.
- ഒരിക്കൽമാത്രം ഉപയോഗിച്ച് വലിച്ചെറിയുന്ന ബോൾ പേനകൾക്കുപകരം റീഫിൽചെയ്യാവുന്ന പേനകൾ ഉപയോഗിക്കുക.

**'പ്ലാസ്റ്റിക്ക് അപകടകാരിയാണ്,**
**കൂടുതൽ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യുക'**
**'പ്ലാസ്റ്റിക്ക് ഉപേക്ഷിക്കൂ ജീവൻരക്ഷിക്കൂ...'**

# മൈക്രോഫിനാൻസ്

*സ്വാശ്രയ സംഘരൂപീകരണം*

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 27.03.2018 | കൃപ | മുണ്ടുപാലം | 14 |
| 27.03.2018 | അമല | മുണ്ടുപാലം | 19 |
| 28.03.2018 | തേജസ് | ആറാട്ടുവഴി | 14 |
| 03.03.2018 | എയ്ഞ്ചൽ | കായൽപുറം | 11 |
| 12.04.2018 | തേജസ് | ഫിൽഗിരി | 10 |
| 18.04.2018 | മരിയ | നെടുങ്ങാടപ്പള്ളി | 17 |
| 18.04.2018 | സ്നേഹ | നെടുങ്ങാടപ്പള്ളി | 20 |
| 30.04.2018 | ഗ്ലോറിയ | നാൽപ്പാത്തിമല | 10 |
| 16.05.2018 | പ്രിയദർശിനി | കുളത്തൂർ | 17 |
| 16.05.2018 | സ്നേഹജീവൻ എ | മുട്ടാർ ഓൾഡ് | 11 |
| 16.05.2018 | സഹൃദയ എ | മുട്ടാർ ഓൾഡ് | 16 |
| 16.05.2018 | അർച്ചന | മുട്ടാർ ഓൾഡ് | 14 |
| 16.05.2018 | ജീവാലയ | മുട്ടാർ ഓൾഡ് | 15 |
| 22.05.2018 | റോസ് | തൃക്കൊടിത്താനം | 20 |
| 22.05.2018 | വിമല | കൊടിനാട്ടുകുന്ന് | 15 |
| 06.06.2018 | പല്ലവി | ചെറുവാണ്ടൂർ | 18 |
| 13.06.2018 | ഇരവുചിറ | ആവേമരിയ | 10 |
| 13.06.2018 | കൃപ | കിഴക്കേമിത്രക്കരി | 18 |

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (KSBCDC) വായ്പാ പദ്ധതി**

KSBCDC തെരഞ്ഞെടുക്കപ്പെട്ട 45 ന്യൂനപക്ഷവിഭാഗ സംഘങ്ങൾക്ക് 45 ലക്ഷം രൂപ വരുമാനപദ്ധതികൾ ആരംഭിക്കുന്നതിന് അനുവദിച്ചു.

## 'ഊർജ്ജിതം-2018' (ഏപ്രിൽ-ജൂൺ)

**പുതിയ സംഘങ്ങൾക്കുള്ള പരിശീലനം**

ചാസ് പ്രവർത്തന മേഖലകളിൽ 2017-18 കാലഘട്ടത്തിൽ രൂപീകൃതമായ പുതിയ *SHG* കൾക്കുവേണ്ടി പരിശീലന പരിപാടി സംഘടിപ്പിച്ചു. സംഘത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ, കണക്കും-റിപ്പോർട്ടും എഴുതുന്നരീതി എന്നിവയെക്കുറിച്ച് സംഘാംഗങ്ങൾക്ക് ബോധ്യമാക്കിക്കൊടുക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, കോ-ഓർഡിനേറ്റർ ശ്രീ. ബിനു ജോസഫ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

താഴെപ്പറയുന്ന മേഖലകളിൽ 'ഊർജ്ജിതം-2018' ന്റെ ഭാഗമായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

**എടത്വ** മേഖലയിലെ 2017-18 കാലഘട്ടത്തിൽ രൂപീകൃതമായ പുതിയ SHG കൾക്കുള്ള പരിശീന പരിപാടി മരിയാ



പുരം യൂണിറ്റിൽ ഏപ്രിൽ 17 ചൊവ്വാഴ്ച നടത്തപ്പെട്ടു. 124 അംഗങ്ങൾ പങ്കെടുത്തു.

**കുറുമ്പനാടം** മേഖലയിലെ 2017-18 കാലഘട്ടത്തിൽ രൂപീ കൃതമായ SHG കൾക്കുള്ള പരിശീന പരിപാടി കുറുമ്പനാടം ഫൊറോനാ പാരീഷ് ഹാളിൽ ഏപ്രിൽ 24 ന് നടത്തപ്പെട്ടു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. 5 സ്വാശ്രയസംഘങ്ങളിൽ നിന്ന് 57 അംഗങ്ങൾ പങ്കെടുത്തു.

**അമ്പൂരി** മേഖലയുടെ നേതൃത്വത്തിൽ സ്വാശ്രയസംഗമവും സംഘാംഗങ്ങളുടെ പരിശീലനവും മെയ് 1 ചെവ്വാഴ്ച അമ്പൂരിയിൽ നടത്തപ്പെട്ടു. ഫൊറോനാ വികാരി റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം ശ്രീമതി അൻസജിത റസൽ ഉദ്ഘാടനം നിർവഹിച്ചു. 268 അംഗങ്ങൾ പങ്കെടുത്തു. മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.




ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**നെടുംകുന്നം** മേഖലയിൽ പനയമ്പാല യൂണിറ്റിൽ മെയ് 4 ന് 'ഊർജ്ജിതം-2018' സംഘടിപ്പിച്ചു. 46 അംഗങ്ങൾ പങ്കെടുത്തു.



**കുട്ടനാട്** മേഖലയിൽ കാവാലം യൂണിറ്റിൽ മെയ് 8 ന് 'ഊർജ്ജിതം-2018' സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിൾ ചേപ്പില ഉദ്ഘാടനം നിർവഹിച്ചു. 158 അംഗങ്ങൾ പങ്കെടുത്തു.

**കുടമാളൂർ** മേഖലയിൽ കുടമാളൂർ യൂണിറ്റിൽ മെയ് 17 ന് 'ഊർജ്ജിതം-2018' സംഘടിപ്പിച്ചു. കുടമാളൂർ യൂണിറ്റിലെ സെന്റ് മേരീസ് സ്വാശ്രയസംഘത്തിലെ അംഗങ്ങൾ സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സംഘാംഗത്തിന് തയ്യൽ മിഷൻ വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 48 അംഗങ്ങൾ പങ്കെടുത്തു.

**കൊല്ലം** മേഖലയിൽ മീൻകുളം യൂണിറ്റിൽ മെയ് 18 ന് 'ഊർജ്ജിതം-2018' സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോബിൻ തൈപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. അസി. വികാരി റവ. ഫാ. ജിനോഷ് കോട്ടയിൽ ഉദ്ഘാടനം ചെയ്തു. 96 അംഗങ്ങൾ പങ്കെടുത്തു.

**മണിമല** മേഖലയിൽ കരിമ്പനക്കുളം യൂണിറ്റിൽ മെയ് 22 ന് 'ഊർജ്ജിതം-2018' സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കട്ടപ്പുറം അദ്ധ്യക്ഷതവഹിച്ചു. കരിമ്പനക്കുളം, കുളത്തൂർ, വള്ളംചിറ എന്നീ യൂണിറ്റുകളിലെ 154 അംഗങ്ങൾ പങ്കെടുത്തു.

**തൃക്കൊടിത്താനം** മേഖലയിലെ പുതിയ സ്വാശ്രയസംഘങ്ങൾക്കുവേണ്ടി ജൂൺ 19 ന് പരിശീലന പരിപാടി സംഘടിപ്പിച്ചു. 4 സ്വാശ്രയസംഘങ്ങളിലെ 32 അംഗങ്ങൾ പങ്കെടുത്തു.

**അതിരമ്പുഴ** മേഖലയിലെ പുതിയ സ്വാശ്രയസംഘങ്ങൾക്കുവേണ്ടി വെട്ടിമുകൾ യൂണിറ്റിൽ ജൂൺ 26 ന് പരിശീലന പരിപാടി സംഘടിപ്പിച്ചു. 82 അംഗങ്ങൾ പങ്കെടുത്തു.

**കോട്ടയം** മേഖലയിലെ പുതിയ സ്വാശ്രയസംഘങ്ങൾക്കുവേണ്ടി ജൂൺ 28 ന് പരിശീലന പരിപാടി സംഘടിപ്പിച്ചു. പാമ്പാടി, കൂരോപ്പട യൂണിറ്റുകളിൽ നിന്നുള്ള 49 അംഗങ്ങൾ പങ്കെടുത്തു.

**ആലപ്പുഴ** മേഖലയിലെ പുതിയ സ്വാശ്രയസംഘങ്ങൾക്കുവേണ്ടി ജൂൺ 29 ന് ആറാട്ടുവഴി യൂണിറ്റിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. 48 അംഗങ്ങൾ പങ്കെടുത്തു.

## പുരുഷ സ്വാശ്രയസംഘസംഗമം (ഏപ്രിൽ-ജൂൺ)

ഊർജ്ജിതം 2018 ന്റെ ഭാഗമായി ചങ്ങനാശ്ശേരി, തുരുത്തി മേഖലകളിലെ പുരുഷസ്വാശ്രയസംഘാംഗങ്ങളുടെ സംഗമം ഏപ്രിൽ 22 ന് പസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. സംഘങ്ങളുടെ 2017-18 വർഷത്തെ വരവ് ചെലവ് കണക്കുകളും റിപ്പോർട്ടും അവതരിപ്പിച്ചു. 140 അംഗങ്ങൾ പങ്കെടുത്തു.

**തൃക്കൊടിത്താനം** മേഖലയിലെ പുരുഷസ്വാശ്രസംഘാംഗങ്ങളുടെ സംഗമം ഏപ്രിൽ 29 ഞായറാഴ്ച ഫാത്തിമാപുരം യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് മാളിയേക്കൽ



അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ ക്ലാസ് നയിച്ചു. 53 അംഗങ്ങൾ പങ്കെടുത്തു.



**അതിരമ്പുഴ** മേഖലയിലെ പുരുഷ സ്വാശ്രയ സംഘങ്ങളുടെ സംഗമം മെയ് 6 ന് അതിരമ്പുഴ യൂണിറ്റിൽ സംഘടിപ്പിച്ചു. ആറ് യൂണിറ്റുകളിലെ 11 സ്വാശ്രയ സംഘങ്ങളിൽനന്നും 55 അംഗങ്ങൾ പങ്കെടുത്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പുരുഷസ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി നേതൃത്വം നല്കി.

**ആലപ്പുഴ** മേഖലയിലെ പുരുഷ സ്വാശ്രയസംഘങ്ങളുടെ സംഗമം മെയ് 11 ന് ആറാട്ടുവഴി യൂണിറ്റിൽ നടന്നു. പതിനൊന്ന് യൂണിറ്റുകളിലെ സ്വാശ്രയസംഘാംഗങ്ങൾ പങ്കെടുത്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, കോ-ഓർഡിനേറ്റർ ശ്രീ. എൻ.ഐ തോമസ് എന്നിവർ നേതൃത്വം നൽകി.

**കോട്ടയം** മേഖലയിലെ പുരുഷ സ്വാശ്രയസംഘങ്ങളുടെ സംഗമം മെയ് 20 ന് പങ്ങട എസ്.എച്ച്. പാരീഷ് ഹാളിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ കൊച്ചുമലയിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പുരുഷ സ്വാശ്രയസംഘങ്ങളുടെ പ്രസക്തിയെക്കുറിച്ചും, കൂട്ടായ്മയോടെ ചെയ്യാവുന്ന തൊഴിൽ സംരംഭങ്ങളെക്കുറിച്ചും സംസാരിച്ചു. കോ-ഓർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് നേതൃത്വം നൽകി.

**കുറമ്പനാടം** മേഖലയിലെ പുരുഷ സ്വാശ്രയസംഘങ്ങളുടെ സംഗമം മെയ് 27 ന് കുറുമ്പനാടം സെന്റ് ആന്റണീസ് പാരീഷ്

ഹാളിൽ നടത്തപ്പെട്ടു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ക്ലാസ് നയിച്ചു. 23 അംഗങ്ങൾ പങ്കെടുത്തു.

**എടത്വാ** മേഖലയിലെ പുരുഷ സ്വാശ്രയസംഘങ്ങളുടെ സംഗമം



ജൂൺ 10 ന് മുട്ടാർ ഓൾഡ് യൂണിറ്റിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സെമിനാർ നയിച്ചു.70 അംഗങ്ങൾ പങ്കെടുത്തു

**കുടമാളൂർ** മേഖലയിലെ പുരുഷ സ്വാശ്രയസംഘാംഗങ്ങളുടെ സംഗമം ജൂൺ 17 ന് സംഘടിപ്പിച്ചു. മുടിയൂർക്കര യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് കലയംകണ്ടം അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. ബെന്നി പടിഞ്ഞാറേപ്പറമ്പിൽ, മുടിയൂർക്കര യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോസ് പാറയ്ക്കൽ എന്നിവർ പ്രസംഗിച്ചു. മേഖലാ കോ-ഓർഡിനേറ്റർ പി. വി. വർക്കി പുതിയാപറമ്പിൽ നേതൃത്വം നൽകി.

**നെടുംകുന്നം** മേഖലയിലെ പുരുഷ സ്വാശ്രയസംഘങ്ങളുടെ സംഗമം ജൂൺ 17 ന് കൂത്രപ്പള്ളി സെന്റ് മേരീസ് പാരീഷ് ഹാളിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ ക്ലാസ് നയിച്ചു. 45 അംഗങ്ങൾ പങ്കെടുത്തു.

**കുളത്തൂർ** യൂണിറ്റിൽ ജൂൺ 24 ന് സ്വാശ്രയസംഘ സംഗമം സംഘടിപ്പിച്ചു. മണിമല മേഖലയിലെ 6 സംഘങ്ങളിലെ 64 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റോ മുട്ടത്തിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ക്ലാസ് നയിച്ചു.

## സ്വാശ്രയസംഘസംഗമം

**നാലുകോടി** യൂണിറ്റിൽ ഏപ്രിൽ 9 ന് സ്വാശ്രയസംഘ സംഗമം സംഘടിപ്പിച്ചു. യൂണിറ്റ് അസി. ഡയറക്ടർ റവ. ഫാ. ജീമോൻ മാളിയേക്കൽ അദ്ധ്യക്ഷതവഹിച്ചു. 53 അംഗങ്ങൾ പങ്കെടുത്തു.

**പള്ളാത്തുരുത്തി** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 24 ന് സ്വാശ്രയസംഗമം നടത്തി. കുടുംബ ബജറ്റിനെക്കുറിച്ച് ശ്രീ. ടോംസ് ആന്റണി ക്ലാസ് നയിച്ചു. മഹിളാസമാജം ഭാരവാഹികൾ നേതൃത്വം നൽകി 82 അംഗങ്ങൾ പങ്കെടുത്തു.

**കരുവാറ്റ** യൂണിറ്റിൽ ഏപ്രിൽ 27 ന് സ്വാശ്രയസംഘസംഗമത്തോടനുബന്ധിച്ച് കാൻസർ സുരക്ഷയെക്കുറിച്ച് ക്ലാസ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കാഞ്ഞിരവേലി അദ്ധ്യക്ഷതവഹിച്ചു. 55 അംഗങ്ങൾ പങ്കെടുത്തു.

**ചേന്നങ്കരി** യൂണിറ്റിൽ ഏപ്രിൽ 27 ന് സ്വാശ്രയസംഘസംഗമം നടത്തി. നേതൃത്വ ഗുണങ്ങളെക്കുറിച്ച് കോ-ഓർഡിനേറ്റർ ബിനു ജോസഫ് ക്ലാസ് നയിച്ചു. 57 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**കുറിച്ചി** യൂണിറ്റിൽ മെയ് 27 ന് സ്വാശ്രയസംഘസംഗമം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ പരുവപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. 39 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**നാൽപ്പാത്തിമല** യൂണിറ്റിൽ മെയ് 27 ന് സ്വാശ്രയസംഘസംഗമം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകി. 175 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**കൊടുപ്പുന്ന** യൂണിറ്റിൽ ജൂൺ 12 ന് സ്വാശ്രയസംഘസംഗമം നടത്തി. എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് വേങ്ങാശ്ശേരി കാഷ് അവാർഡ് നൽകി ആദരിച്ചു. 49 അംഗങ്ങൾ പങ്കെടുത്തു.

**തൃക്കൊടിത്താനം** യൂണിറ്റിൽ ജൂൺ 17 സെന്റ് സേവ്യേഴ്സ് പാരീഷ് ഹാളിൽ സ്വാശ്രയസംഘ സംഗമം സംഘടിപ്പിച്ചു. 321 അംഗങ്ങൾ പങ്കെടുത്തു.

## യൂണിറ്റ് വാർഷികം

**വെട്ടിമുകൾ** യൂണിറ്റിന്റെയും ജ്യോതിസ് മഹിളാസമാജത്തിന്റെയും സംയുക്ത വാർഷികം ഏപ്രിൽ 24 ന് നടത്തി. യൂണിറ്റ്

ഡയറക്ടർ റവ. ഫാ. ജോസ് വരിക്കപ്പള്ളി അദ്ധ്യക്ഷതവഹിച്ചു. ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ശ്രീ. ജോയി മന്നാമല ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, ഏറ്റുമാനൂർ മുനിസിപ്പൽ കൗൺസിലേഴ്സായ ശ്രീമതി റോസമ്മ സിബി, ശ്രീമതി സൂസൻ തോമസ്, ശ്രീ. ബിനീഷ് എൻ.വി. എന്നിവർ പ്രസംഗിച്ചു. പ്രസ്തുത യോഗത്തിൽ തയ്യൽ പരിശീലനം പൂർത്തിയാക്കിയ 23 വനിതകൾക്ക് ചാസ് ഡയറക്ടർ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. 135 അംഗങ്ങൾ പങ്കെടുത്തു.

**തൃക്കൊടിത്താനം** യൂണിറ്റ് വാർഷികം ജൂൺ 17 ഞായറാഴ്ച സെന്റ് സേവ്യേഴ്സ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. സെക്രട്ടറി ശ്രീ. മാത്യു എം. മാടക്കാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജിമ്മിച്ചൻ പറമ്പത്ത് അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. വർഗീസ് കാലായിൽ ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് മെമ്പർ ശ്രീ. ജെയിംസ് പതാരംചിറ, മേഖല പ്രസിഡന്റ് ജിമ്മിച്ചൻ പടുപുരയ്ക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു. കഴിഞ്ഞ അദ്ധ്യയന വർഷം എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ എല്ലാവിഷയത്തിനും എ+ നേടിയ 23 വിദ്യാർത്ഥികളെയും, നീറ്റ് പരീഷയിൽ 608-ാം റാങ്ക് നേടിയ ആഷിഷ് ജോഷിയെയും കാഷ് അവാർഡ് നൽകി ആദരിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി.

**ഇത്തിത്താനം** യൂണിറ്റുവാർഷികം ജൂൺ 24 ഞായറാഴ്ച ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. 20 സ്വാശ്രയസംഘങ്ങളിലെ അംഗങ്ങൾ പങ്കെടുത്തു. +2, എസ്.എസ്.എൽ.സി. പരീക്ഷകളിൽ എല്ലാവിഷയങ്ങൾക്കും എ+ കരസ്ഥമാക്കിയ സംഘാംഗങ്ങളുടെ മക്കൾക്ക് കാഷ് അവാർഡ് നൽകി ആദരിച്ചു. സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പലിശരഹിത വായ്പാ വിതരണത്തിന്റെ ഉദ്ഘാടനം യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ നിർവഹിച്ചു. പള്ളം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ബെറ്റി റ്റോജോ, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് വികസനകാര്യ ചെയർപേഴ്സൺ ശ്രീമതി ബീനാ റ്റോംസൺ എന്നിവർ പ്രസംഗിച്ചു.

## സ്വാശ്രയസംഘ വാർഷികം

**കോട്ടയ്ക്കപ്പുറം** യൂണിറ്റിലെ മരിയ, സ്നേഹ, നവോദയ എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം ഏപ്രിൽ 26, 27 തീയതികളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഭാരവാഹികളും മേഖലാ കോ-ഓർഡിനേറ്ററും നേതൃത്വം നൽകി.

**കുളത്തൂർ** യൂണിറ്റ്, സ്വാശ്രയസംഘങ്ങൾ, ക്രെഡിറ്റ് യൂണിയൻ എന്നിവയുടെ സംയുക്തവാർഷികം ഏപ്രിൽ 28 ന് ലിറ്റിൽ

ഫ്ളവർ പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റോ മുട്ടത്തിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. തോമസുകുട്ടി മൈലേട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ഉദയകുമാർ, ഗവ. PHC കോട്ടാങ്ങൽ ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## കൂരോപ്പട 'സൂര്യ' SHG യുടെ 1000-മത് സമ്മേളനം

**കൂരോപ്പട** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'സൂര്യ' SHG യുടെ ആയിരാമത്തെ ആഴ്ച സമ്മേളനം മെയ് 25 വെള്ളിയാഴ്ച കൂരോപ്പടയിൽ ചാസ് ഡയറക്ടറുടെ സാന്നിധ്യത്തിൽ കൂടി. കഴിഞ്ഞ 20 വർഷമായി പ്രവർത്തിക്കുന്ന സംഘത്തിൽ നാനാജാതി മതസ്ഥരായ സ്ത്രീകൾ അംഗങ്ങളാണ്. യൂണിറ്റ്, മഹിളാസമാജം ഭാരവാഹികളും മീറ്റിംഗിൽ പങ്കെടുത്തു.

**മങ്കൊമ്പ്** യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'ശ്രേയസ്, നവജ്യോതി, അനുഗ്രഹ' എന്നീ സ്വാശ്രയസംഘങ്ങളുടെ ഒന്നാമത് വാർഷികം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മൈക്കിൾ കിങ്ങണംചിറ ഉദ്ഘാടനം നിർവഹിച്ചു. ആനിമേറ്റർ സിസ്റ്റർ റ്റെസി, യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീമതി എൽസമ്മ എന്നിവർ പ്രസംഗിച്ചു.

## മഹിളാസമാജം വാർഷികം

**ഏററുമാനൂർ** യൂണിറ്റിലെ 'മദർതെരേസാ' മഹിളാസമാജത്തിന്റെ വാർഷികം ഏപ്രിൽ 17-ാം തീയതി നടത്തി. മഹിളാസമാജം പ്രസിഡന്റ് അന്നമ്മ ദേവസ്യാ അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. യൂണിറ്റ് ഡയറ്കടർ റവ. ഫാ. ടോം കുന്നുംപുറം അനുഗ്രഹ പ്രാഭാക്ഷണം നടത്തി. ആരോഗ്യ രംഗത്തെ വെല്ലുവിളികൾ എന്ന വിഷയത്തെ കുറിച്ച് ഡോ. ഡൊമിനിക് പാലേട്ട് ക്ലാസ് നയിച്ചു. 95 അംഗങ്ങൾ ക്ലാസ്സിൽ പങ്കെടുത്തു. മേഖലാ കോ-ഓർഡിനേറ്റർ യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. 95 അംഗങ്ങൾ പങ്കെടുത്തു.

## ചങ്ങാതിക്കൂട്ടം വാർഷികം

**കുടമാളൂർ** യൂണിറ്റിൽ പ്രവർത്തിക്കുന്ന പുലരി ചങ്ങാതിക്കൂട്ടത്തിന്റെ വാർഷികം മെയ് 6 ന് തെള്ളംകുഴി ഖാദി സെന്ററിൽ സംഘടിപ്പിച്ചു. പ്രസിഡന്റ് ആൽബിൻ തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വാർഷികം ആർപ്പൂക്കര പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി എൽസമ്മ ജോസഫ് വേളാശ്ശേരി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. മാത്യു മുട്ടത്തുപാടം, കോ-ഓർഡിനേറ്റർ ശ്രീ. പി. വി. വർക്കി പുതിയാപറമ്പിൽ എന്നിവർ പ്രസംഗിച്ചു.



# തണൽ

## ചാസിന്റെ വിവിധ സഹായ പദ്ധതികൾ വഴി 2018 ഏപ്രിൽ 1 മുതൽ 2018 ജൂൺ 30 വരെ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 362. സണ്ണി സേവ്യർ കൂട്ടക്കര | ബ്രദേഴ്സ് | പറാൽ | ചങ്ങനാശ്ശേരി |
| 363. മേരിക്കുട്ടി തോമസ് പൊട്ടുകുളം | മരിയൻ | ളായിക്കാട് | ചങ്ങനാശ്ശേരി |
| 364. എം.പി. വാസുദേവൻ കൂട്ടക്കര | പങ്ങട | മൈത്രി | കോട്ടയം |
| 365. ജെയ്നമ്മ സാജു തൈപ്രാൽ | അനുഗ്രഹ | പനയമ്പാല | നെടുംകുന്നം |
| 366. തങ്കമണി മുരളീധരൻ | ഭാവന | പങ്ങട | കോട്ടയം |
| 367. പി.വി. രാജപ്പൻ പടിഞ്ഞാറേഅമ്പാട്ട് | ദീപം | കുറുമ്പനാടം | കുറുമ്പനാടം |
| 368. വർക്കി വർക്കി ചൂപ്രത്ത് | സെന്റ് പോൾ | മുടിയൂർക്കര | കുടമാളൂർ |
| 369. ജോസഫ് കൊച്ചുപുരയ്ക്കൽ | ജീവൻ | കിഴക്കേമിത്രക്കരി | എടത്വാ |
| 370. കുഞ്ഞുകുട്ടി | ആരോഗ്യനികേതൻ | ആർപ്പൂക്കര | കുടമാളൂർ |
| 371. അന്നമ്മ കൊടിവീട്ടിൽ | പ്രതീക്ഷ | മുഹമ്മ | ആലപ്പുഴ |

### (2) മ്യൂച്ചൽ ബെനഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 156. ജോൺ മാത്യു വല്യാറ | തത്തംപള്ളി | ആലപ്പുഴ |
| 157. ദീപ എസ്, തടത്തരികത്ത് | മായം | അമ്പൂരി |
| 158. തോമസ് തോമസ് പൊട്ടുകുളം | ളായിക്കാട് | ചങ്ങനാശ്ശേരി |
| 159. അച്ചാമ്മ കുഞ്ഞൂഞ്ഞ്, കാട്ടുങ്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 160. ജോസഫ് ദേവസ്യാ, മധുപുരം | മാന്നില | കുറുമ്പനാടം |
| 161. ഏലിയാമ്മ ജോസഫ്, അത്തിയാലിൽ | കുളത്തൂർ | മണിമല |
| 162. ജോർജ്ജ് ജോസഫ്, വെള്ളക്കല്ലിൽ | മണിമല | മണിമല |
| 163. നാസർ വി.എ., വെട്ടുകുഴി | ഫാത്തിമാപുരം | തൃക്കൊടിത്താനം |

| | | |
|---|---|---|
| 164. പി.ജെ. ജോസഫ്, കരോട്ട് ഇടയാടിയിൽ | കുമാരനല്ലൂർ | കുടമാളൂർ |
| 165. വാസു കൃഷ്ണൻ, പുത്തൻപുരയ്ക്കൽ | തായങ്കരി | എടത്വാ |
| 166. ഷൺമുഖം റ്റി. നടുവേലിപ്പറമ്പിൽ | വില്ലൂന്നി | കുടമാളൂർ |
| 167. തോമസ് ജോസഫ്, കിഴക്കേനല്ലൂർ | പായിപ്പാട് | തൃക്കൊടിത്താനം |

- **ചികിത്സാസഹായം**

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 70. ഫ്രാൻസിസ് ചെറിയാൻ, തുണ്ടുപറമ്പിൽ | പച്ച-ചെക്കിക്കാട് | എടത്വാ |
| 71. ഗ്രെയ്സി ജോർജ്ജ്, നെടിയകാലായിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 72. സുബി ജെഫിൻ, തകടിയേൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 73. മാത്യു ജോസഫ്, കൈതയ്ക്കൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 74. ലാലി ജോർജ്ജ്, വടക്കേചാവേലിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 75. ചിന്നമ്മ കുര്യൻ, കോഴിമുള്ളേരത്ത് | വെട്ടിമുകൾ | അതിരമ്പുഴ |
| 76. സോഫിയാമ്മ തോമസ്, മുട്ടത്തേട്ട് | പായിപ്പാട് | തൃക്കൊടിത്താനം |
| 77. ലാലിമ്മ ദേവസ്യ, കണിയാഞ്ഞാലിൽ | പായിപ്പാട്ടു | തൃക്കൊടിത്താനം |
| 78. തോമസ് ജോസഫ്, മുട്ടത്തേട്ട് | പായിപ്പാട് | തൃക്കൊടിത്താനം |
| 79. ജെസ്റ്റിൻ ലോറൻസ്, പരുത്തിക്കാട് | കുമാരനല്ലൂർ | കുടമാളൂർ |
| 80. പി.എം. ജോസഫ്, ഒറ്റയിൽ | കുമാരനല്ലൂർ | കുടമാളൂർ |
| 81. കെ.സി. മാത്യു, കുന്നേൽ | മായം | അമ്പൂരി |

### (3) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2018 ഏപ്രിൽ-ജൂൺ മാസങ്ങളിൽ 2 കുടുംബങ്ങൾക്ക് ചികിത്സാചെലവായി 12,600/- രൂപ അനുവദിച്ചു.

| **പേര്** | **യൂണിറ്റ്** | **തുക** |
|---|---|---|
| ബിന്ദു ജോസഫ് ചിറയിൽ | മാടപ്പള്ളി | 7050 |
| മാത്യു സെബാസ്റ്റ്യൻ, മുര്യൻകാവുങ്കൽ | കുറുമ്പനാടം | 5550 |

### (4) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 ഏപ്രിൽ-ജൂൺ മാസങ്ങളിൽ 71 ഇടവകകളിൽനിന്നും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 153 അപേക്ഷകർക്ക് 2,14,100/-രൂപ നൽകി.

### (5) സേവ് എ ഫാമിലി പ്ലാൻ (ടഅഎജ)

- 2018 ഏപ്രിൽ-ജൂൺ മാസങ്ങളിൽ 82 ഗുണഭോക്താക്കൾക്ക് 13,49,000/- രൂപ സഹായധനം അനുവദിച്ചു.
- 26 കുടുംബങ്ങൾക്ക് സ്പെഷ്യൽ ഗിഫ്റ്റായി 43680 രൂപയും, ഒരുകുടുംബത്തിന് വീട് അറ്റകുറ്റപണിക്ക് 22,500 രൂപയും ലഭിച്ചു.
- കാലാവധി പൂർത്തിയാക്കിയ നാലുകുടുംബങ്ങളുടെ അക്കൗണ്ട് ക്ലോസ് ചെയ്ത് 55,953/-രൂപ നൽകി.

**പുതിയകുടുംബങ്ങൾ**

2018-19 കലായളവിൽ കുട്ടനാട് മേഖലയിൽ നിന്നും കുടുംബോദ്ധാരണ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾ

| യൂണിറ്റ് | കുടുംബങ്ങളുടെ എണ്ണം |
|---|---|
| മങ്കൊമ്പ് | 2 |
| മിത്രക്കരി | 2 |
| കോയിൽമുക്ക് | 3 |
| ചേന്നങ്കരി | 2 |
| പച്ച-ചെക്കിടിക്കാട് | 1 |
| എടത്വാ | 1 |

**വെള്ളപ്പൊക്ക ദുരിതാശ്വാസഹായം**

2018 ജൂൺ മാസത്തിലുണ്ടായ വെള്ളപ്പൊക്കം മൂലം ദുരിതത്തിലായ കുടുംബങ്ങൾക്കുവേണ്ടി, കുട്ടനാട്ടിലെ 24 ഇടവകകളിൽ 11125 കിലോ അരിയും, 1885 കിലോ പയറും ഭക്ഷ്യസഹായമായി എത്തിച്ചു. അർഹതപ്പെട്ടവരെ കണ്ടെത്തിസഹായം വിതരണം ചെയ്യാൻ സഹായിച്ച വികാരിയച്ചന്മാർക്കും യൂണിറ്റ് ഭാരവാഹികൾക്കും നന്ദിയർപ്പിക്കുന്നു.

**ദുരിതാശ്വാസസഹായം ലഭിച്ച യൂണിറ്റുകൾ**

കിടങ്ങറ, കണ്ണാടി, കാവാലം, കായൽപുറം, മഹേന്ദ്രപുരം, കിഴക്കേമിത്രക്കരി, മിത്രക്കരി, പുതുക്കരി, വടക്കൻ വെളിയനാട്, പുളിങ്കുന്ന്, കാവാലം ലിസ്യൂ, കൈനടി, തകഴി, ചങ്ങങ്കരി, വേഴപ്രാ, കൊടുപ്പുന്ന, പാണ്ടി, കരുവാറ്റ, പല്ലങ്ങടി, വെളിയനാട് സൗത്ത്, രാമങ്കരി, മാമ്പുഴക്കരി, ഒന്നാംകര. ഇതോടൊപ്പം മറ്റു പ്രാദേശിക യൂണിറ്റുകൾ സ്വന്തം നിലയിൽ വിഭവസമാഹരണം നടത്തി സഹായവിതരണം നടത്തുകയുണ്ടായി.

**ദുരിതാശ്വാസ സംഭാവന**

വെള്ളപ്പൊക്കം മൂലം ദിരിതമനുഭവിക്കുന്ന കുട്ടനാടൻ മേഖലയിലെ സഹോദരങ്ങളെ സഹായിക്കാൻ സംഭാവന നല്കിയ താഴെപ്പറയുന്ന യൂണിറ്റുകൾക്ക് നന്ദിപറയുന്നു.

| | | | |
|---|---|---|---|
| അതിരമ്പുഴ | -25,000/ | പാറേൽ | -15,000/ |
| വെട്ടിമുകൾ | -10,000/ | ചെറുവാണ്ടൂർ | -10,000/ |
| നാലുകോടി | -10,000/, | ഇത്തിത്താനം | -5,000/ |

## AABY ആം ആദ്മി ബീമാ യോജന

കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ചാസ്, LIC യുമായി സഹകരിച്ച് നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി. പ്രീമിയം തുക 125.

**ആനുകൂല്യങ്ങൾ:**

| | |
|---|---|
| സ്വാഭാവിക മരണം | 30,000/- രൂപ |
| അപകട മരണം | 75,000/- രൂപ |
| അപകടം മൂലം തളർന്ന് പോയാൽ | 75,000/- രൂപ |
| അപകടത്തിൽ കണ്ണോ കാലോ, കൈയ്യോ നഷ്ടപ്പെട്ടാൽ | 37,500/- രൂപ |

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9446857636**

## ചാസ് കാരുണ്യ മെഡിക്കൽസ് & പാലിയേറ്റീവ് കെയർ 5-ാം വർഷത്തിലേയ്ക്ക്

ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ 02.05.2014 ൽ ഉദ്ഘാടനം ചെയ്ത് ആലപ്പുഴ പഴവങ്ങാടി യൂണിറ്റിൽ പ്രവർത്തനം ആരംഭിച്ച പാലിയേറ്റീവ് കെയർ യൂണിറ്റ് നാലുവർഷം പിന്നിട്ട് യൂണിറ്റ് ഡയറക്ടർ പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചന്റെ നേതൃത്വത്തിൽ അഞ്ചാംവർഷത്തിലേക്ക് പ്രവേശിക്കുകയാണ്.

ആലപ്പുഴ മുനിസിപ്പൽ അതിർത്തിയിൽ 100 ഓളം രോഗികൾക്ക് വീടുകളിലെത്തി സാന്ത്വന പരിചരണം നൽകിവരുന്നു. ആവശ്യഘട്ടങ്ങളിൽ ഡോക്ടറുടെ സേവനം രോഗികൾക്ക് വീടുകളിൽ നൽകുന്നു. നേഴ്സുമാരുടെയും പരിശീലനം ലഭിച്ച വാളണ്ടിയേഴ്സിന്റെയും സേവനം കോർഡിനേറ്ററുടെ മേൽനോട്ടത്തിൽ ഒന്നിടവിട്ട ദിവസങ്ങളിൽ രോഗികൾക്ക് ഉറപ്പുവരുത്തുന്നു.

നിർദ്ധനരായ രോഗികൾക്ക് ഭക്ഷണവും, മരുന്നും, ഉപകരണങ്ങളും നൽകി സഹായിക്കുന്നു. രോഗംമൂലം ജീവിതസാഹചര്യങ്ങളോട് പൊരുത്തപ്പെടുവാൻ ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ രോഗിക്കും, കുടുംബാംഗങ്ങൾക്കും തൊഴിൽപരിശലീനം നൽകിയും, സാമ്പത്തിക പിന്തുണ കൊടുത്തും സ്വന്തമായി വരുമാനം കണ്ടെത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയാണ്. രോഗീപരിചരണത്തോടൊപ്പം കുടുംബങ്ങളെ ദത്തെടുത്ത് സ്വയംപര്യാപ്തയിലെത്തിക്കാനും പരിശ്രമിക്കുന്നു.

ഇതിനോടകം നാനാജാതി മതസ്ഥരായ 136 പേർ ഈ ലോക ജീവിതത്തിൽനിന്നും സാന്ത്വനപരിചരണത്തിലൂടെ വീടുകളിൽ സുഖമരണം പ്രാപിച്ചു.

നിരവധി രോഗികളുടെയും കുടുംബങ്ങളുടെയും കണ്ണീരിൽ കുതിർന്ന സന്തോഷവും സ്നേഹത്തിൽപൊതിഞ്ഞ പുഞ്ചിരിയുമാണ് സാന്ത്വനപരിചരണത്തിലൂടെ പാലിയേറ്റീവ് കെയർ പ്രവർത്തകർക്കും ചാസിനും ലഭിക്കുന്നത്.



# ഹരിതവർഷം ഹരിതഗ്രാമം

**മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം**

പാറേൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 13 ന് 'ഗ്രാമശ്രീ' ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം സംഘടിപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ഹരിതാ ഫാർമേഴ്സ് ക്ലബ്**

കൊടുപ്പുന്ന യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഹരിതാ ഫാർമേഴ്സ് ക്ലബിന്റെ വാർഷിക പൊതുയോഗം മെയ് 6 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് വേങ്ങാശ്ശേരി അദ്ധ്യക്ഷത വഹിച്ചു. പ്രവർത്തന റിപ്പോർട്ടും കണക്കും സെക്രട്ടറി അവതരിപ്പിച്ചു.

**മത്സ്യകൃഷി ഉദ്ഘാടനം**

ഏറ്റുമാനൂർ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'മാവേലി' പുരുഷ സ്വയം സാഹായസംഘത്തിന്റെ നേതൃത്വത്തിൽ മത്സ്യകൃഷിക്ക് ആരംഭം കുറിച്ചു. മെയ് 20 ന് നടന്ന പ്രോഗ്രാമിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ  ഉദ്ഘാടനം നിർവഹിച്ചു. സംഘാംഗവും ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായ ശ്രീ. സജി തടത്തിൽ അദ്ധ്യക്ഷതവഹിച്ചു. കഴിഞ്ഞ അദ്ധ്യായനവർഷം ഉന്നത വിജയം നേടിയ വിദ്യാർത്ഥിൾ സിവിൽ സർവ്വീസ് പരീക്ഷയിൽ വിജയം നേടിയ എസ് അശ്വിൻ എന്നിവരെ അനുമോദിച്ചു.

**ജലസംരക്ഷണം**

തൃക്കൊടിത്താനം യൂണിറ്റും തണൽ റസിഡൻഷ്യൽ അസ്സോസിയേഷനും സംയുക്തമായി ജലസംരക്ഷണത്തെക്കുറിച്ച് മെയ് 24 ന് സെമിനാർ നടത്തി. ശ്രീ. ജോസ് തോമസ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് പ്രോഗ്രാം ഡറ്കടർ ശ്രീ. ജോസ് പുതുപ്പള്ളി ക്ലാസ് നയിച്ചു. ചാസ് എൻആർഎം ഇൻചാർജ്ജ് ശ്രീ. ബൈജു സേവ്യർ ജലസംഭരണ മാർഗ്ഗങ്ങളെക്കുറിച്ച് വിശദീകരിച്ചു. റസിഡൻഷ്യൽ അസ്സോസിയേഷൻ ഭാരവാഹികൾ നേതൃത്വം നൽകി.

**അക്വാപോണിക് കൃഷി**

ചാസ് വെരൂർ യൂണിറ്റിൽ അക്വാപോണിക് കൃഷി (ഒരേസമയം

മീൻ, പച്ചക്കറി) രീതിയെക്കുറിച്ച് ജൂൺ 2 ന് സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് പ്ലാപ്പറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. റിട്ട. കൃഷി ഓഫീസർ ശ്രീ. ലൂക്കാ ജോർജ്ജ് സെമിനാർ നയിച്ചു. അക്വാപോണിക് കൃഷിരീതിയിലൂടെ മീനും പച്ചക്കറിയും (മണ്ണും വളവുമില്ലാതെ) ഒരേസമയം കൃഷിചെയ്യുന്നതിനെക്കുറിച്ച് വിഷ്വൽ മീഡിയായുടെ സഹായത്തോടെ ക്ലാസ് നയിച്ചു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 6 അംഗങ്ങൾ അക്വാപോണിക് യൂണിറ്റുകൾ വീടുകളിൽ സ്ഥാപിച്ച് 75 ഗിഫ്റ്റു തിലോപ്പിയ കുഞ്ഞുങ്ങളെ ഫിഷ്ടാങ്കുകളിൽ വളർത്താൻ ആരംഭിച്ചു. പച്ചമുളക്, തക്കാളി, ഇഞ്ചി, വെണ്ട മുതലായ പച്ചക്കറിതൈകളും നട്ടുപിടിപ്പിച്ചു. രണ്ടാം ഘട്ടം 8 അംഗങ്ങൾക്കൂടി പദ്ധതി ആരംഭിക്കുന്നതാണ്. 20 അംഗങ്ങൾ പങ്കെടുത്തു.

**ജെഎൽജി വായ്പാ വിതരണം**

ചാസ് ചേപ്പുംപാറ യൂണിറ്റിൽ പ്രവർത്തിക്കുന്ന 10 ജെഎൽജികൾക്ക് 2,00,000/- ലക്ഷം രൂപവീതം 20,00,000/- രൂപ കേരള ഗ്രാമീൺ ബാങ്ക് കൂരോപ്പട ശാഖയിൽനിന്നും ലഭിച്ചു.

## ആരോഗ്യ ഇൻഷുറൻസ്

സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്നതിലധികമായി ചികിത്സാ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരു വർഷം 30,000 രൂപ വരെ ചികിത്സാ സഹായം കുടുംബങ്ങൾക്ക് ലഭ്യമാക്കുന്ന മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാൻ ചാസ് അവസരമൊരുക്കുന്നു.

| അംഗത്വം | പ്രീമിയം |
|---|---|
| അഞ്ച് അംഗകുടുബത്തിന് | 900 രൂപ |
| കൂട്ടുകുടുംബം | 1100 രൂപ |
| വ്യക്തിഗതം | 600 രൂപ |

അന്വേഷണങ്ങൾക്ക് ഫോൺ: 9593701126

## COPTAC

**തയ്യൽ പരിശീലനം: കോപ്ടാക്കിൽ വനിതകൾക്കായി മൂന്നുമാസം നീണ്ടുനിൽക്കുന്ന തയ്യൽ, എംബ്രോയിഡറി പരിശീലനം നൽകിവരുന്നു. താത്പര്യമുള്ള പ്രത്യേക ഇനങ്ങൾ മാത്രം പഠിക്കുന്നതിനും സൗകര്യമുണ്ടായിരിക്കും.**

**മാമ്മോദീസാ സെറ്റ്: ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മിതമായ നിരക്കിൽ കോപ്ടാക്കിൽ നിന്നും നിർമ്മിച്ചു നൽകുന്നതാണ്.**



# പരിസ്ഥിതിസംരക്ഷണ വാരാചരണം

**പരിസ്ഥിതിദിന വാരാചരണം**

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരിസ്ഥിതി സംരക്ഷണ വാരാചരണം സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി മുൻസിഫ് മജിസ്ട്രേറ്റ് ശ്രീ. ഡോണി തോമസ് വർഗ്ഗീസ് ചാസ് അങ്കണത്തിൽ ജൂൺ 5 ന് വൃക്ഷതൈ നട്ടുകൊണ്ട് പരിസ്ഥിതി വാരാചരണം ഉദ്ഘാടനം ചെയ്തു. സംസ്ഥാന വനം വകുപ്പുമായി സഹകരിച്ച് സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും 10000 വൃക്ഷതൈകൾ വിതരണം ചെയ്തു. 'പ്ലാസ്റ്റിക്ക് ഉപേക്ഷിക്കു ജീവൻ രക്ഷിക്കൂ' എന്ന പ്രമേയമടിസ്ഥാനമാക്കി മേഖല യൂണിറ്റ് തലങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് എടത്വാ മേഖലയുടെ നേതൃത്വത്തിൽ പച്ച-ചെക്കിടിക്കാട് യൂണിറ്റിൽ ജൂൺ 5 ന് പരിസ്ഥിതി ദിനാചരണം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി നിരയത്ത് പരിസ്ഥിതി സംരക്ഷണ റാലി ഫ്ളാഗ് ഓഫ് ചെയ്തു. എടത്വാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ടെസി ജോസ് ഉദ്ഘാടനം നിർവഹിച്ചു. സെന്റ് സേവ്യേഴ്സ് സ്കൂളിലെ പ്രധാനാദ്ധ്യാപിക സിസ്റ്റർ മോളിക്കുട്ടി ജോസഫ് അദ്ധ്യക്ഷതവഹിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് പരിസ്ഥിതി സരംക്ഷണ സെമിനാർ നയിച്ചു. വിവിധ യൂണിറ്റുകളിലെ സ്വാശ്രയസംഘങ്ങളും, പച്ച സെന്റ് സേവ്യേഴ്സ് സ്കൂളിലെ വിദ്യർത്ഥികളും റാലിയിൽ പങ്കെടുത്തു. മേഖല-യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**കുട്ടനാട്** മേഖലയിലെ പരിസ്ഥിതിദിനാചരണം കായൽപുറം യൂണിറ്റിൽ ജൂൺ 5 ന് സംഘടിപ്പിച്ചു. പഞ്ചായത്ത് മെമ്പർ ശ്രീ. ബെന്നി മണ്ണങ്കരത്തറ അദ്ധ്യക്ഷതവഹിച്ചു. കുട്ടനാട് താലൂക്ക് ലീഗൽ സർവീസസ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ജിഷാ മുകുന്ദൻ ഉദ്ഘാടനം നിർവഹിച്ചു. ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി 'പാരിസ്ഥിതിക വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തിൽ സെമിനാർ നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**കോട്ടയം** മേഖലയുടെ പരിസ്ഥിതി ദിനാചരണം ജൂൺ 5 ന് അയർക്കുന്നം കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ചു. അയർക്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മോനി ജയ്മോൻ ഉദ്ഘാടനം നിർവഹിച്ചു. അയർക്കുന്നം കൃഷി ഓഫീസർ ശ്രീമതി അലീന പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്തു. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി ക്ലാസ് നയിച്ചു. മേഖല-യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**കുടമാളൂർ** മേഖലയുടെ പരിസ്ഥിതി ദിനാചരണം ജൂൺ 5 ന് കുടമാളൂർ യൂണിറ്റിൽ സംഘടിപ്പിച്ചു. ഫൊറോനാ വികാരി റവ. ഫാ. എബ്രഹാം വെട്ടുവയലിൽ അദ്ധ്യക്ഷതവഹിച്ചു. ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജോസ് ജോസഫ് ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണവും. സൗജന്യവൃക്ഷതൈവിതരണവും നടത്തി. മേഖല-യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ചങ്ങനാശ്ശേരി** മേഖലാതലപരിസ്ഥിതി വാരാചരണത്തിന്റെ ഭാഗമായി പാറേൽ യൂണിറ്റിൽ ജൂൺ 8 ന് പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. അഗ്രിക്കൾച്ചർ ഡപ്യൂട്ടി ഡയറക്ടർ ശ്രീ. ജോളി ജോസഫ്, ശ്രീ. വി. ഒ. ഔതക്കുട്ടി എന്നിവർ ക്ലാസ് നയിച്ചു. ഫലവൃക്ഷതൈകളുടെ വിതരണവും നടത്തി.

**നെടുംകുന്നം** മേഖലയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനാചരണം ചമ്പക്കര യൂണിറ്റിൽ ജൂൺ 9 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് കാട്ടടി അദ്ധ്യക്ഷതവഹിച്ചു. മേഖലാ സെക്രട്ടറി ശ്രീ. ജോർജ്ജ് ജോസഫ് ചെറുശ്ശേരി സ്വാഗതം ആശംസിച്ചു. ചാസ് അസി. ഡയറക്ടർ റവ. ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. കോ-ഓർഡിനേറ്റർ ശ്രീ. എൻ. ഐ. തോമസ് പരിസ്ഥിതി സംരക്ഷണ സെമിനാർ നയിച്ചു.

**അതിരമ്പുഴ** മേഖലയുടെ നേതൃത്വത്തിൽ ജൂൺ 9-ാം തീയിതി ചെറുവാണ്ടൂർ യൂണിറ്റിൽ പരിസ്ഥിതിദിനാചരണം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഇമ്മാനുവേൽ നെല്ലൂവേലി അദ്ധ്യക്ഷത വഹിച്ചു. ഏറ്റുമാനൂർ മുൻസിപ്പൽ കൗൺസിലർ ശ്രീ. ജോർജ്ജ് പല്ലാട്ട് ഉദ്ഘാടനം നിർവഹിച്ചു. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു.

**കുറുമ്പനാടം** മേഖലയുടെ ആഭിമുഖ്യത്തിൽ ജൂൺ 10 ന് പരിസ്ഥിതി ദിനാചരണം മാന്നില യൂണിറ്റിൽ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ റവ.ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലൈസാമ്മ മുളവന ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പറപ്പള്ളിൽ ഫലവൃക്ഷതൈ വിതരണോദ്ഘാടനം നിർവഹിച്ചു. വടക്കേക്കര ഗവ.ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റർ

സജുമോൻ പരിസ്ഥിതി സംരക്ഷണ ക്ലാസ് നയിച്ചു. മേഖലാ-യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**മണിമല** മേഖലയുടെ പരിസ്ഥിതി ദിനാചരണം ജൂൺ 10 ന് കടയനിക്കാട് യൂണിറ്റിൽ സംഘടിപ്പിച്ചു. വെള്ളാവൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ഗ്രേയ്സമ്മ ജോസഫ് ഉദ്ഘാടനം നിർവഹിച്ചു.

പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി ക്ലാസ് നയിച്ചു. കങ്ങഴ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ഫൈസൽ തെക്കേക്കര ഫല വൃക്ഷതൈകളുടെ വിതരണോദ്ഘാടനം നടത്തി. മേഖല-യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**തൃക്കൊടിത്താനം** മേഖലയുടെ പരിസ്ഥിതി ദിനാചരണം ജൂൺ 10 ന് ചാഞ്ഞോടി യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പുത്തനങ്ങാടി ഉദ്ഘാടനം നിർവഹിച്ചു. ഡോ. ജേക്കബ് വടക്കൻചേരി 'പ്രകൃതി-പ്രകൃതിവിഭവങ്ങൾ, പ്രകൃതി ചികിത്സ എന്ന വിഷയത്തിൽ ക്ലസ് നയിച്ചു.

**ആലപ്പുഴ:** മേഖലാതലപരിസ്ഥിതി വാരാചരണത്തിന്റെ ഭാഗമായി പഴവങ്ങാടി യൂണിറ്റിൽ പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്ക്കരണ പരിപാടി നടത്തപ്പെട്ടു. വിവിധ യൂണിറ്റുകളിൽനിന്നും 225 അംഗങ്ങൾ പങ്കെടുത്തു. ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു.

**മുട്ടാർ** ഓൾഡ് യൂണിറ്റിൽ ജൂൺ 5 ന് പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മാത്തുക്കുട്ടി ഈപ്പൻ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രഹാം തയ്യിൽ അദ്ധ്യക്ഷതവഹിച്ചു. സൗജന്യ വൃക്ഷതൈവിരണം നടത്തി. ഭാരവാഹികൾ നേതൃത്വം നൽകി.

**പള്ളാത്തുരുത്തി** യൂണിറ്റിൽ ജൂൺ 5 ന് പരിസ്ഥിതിദിനാചരണം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. കുര്യൻ ഇളംകുളം ഉദ്ഘാടനം നിർവഹിച്ചു. സൗജന്യ വൃക്ഷതൈവിതരണവും നടത്തി.

**മങ്കൊമ്പ്** യൂണിറ്റിൽ ജൂൺ 5 ന് പരിസ്ഥിതിദിനാചരണം സംഘടിപ്പിച്ചു. പ്ലാസ്റ്റിക്ക് നിയന്ത്രണവും ബദൽ സംവിധാനങ്ങളും എന്ന വിഷയത്തിൽ ചാസ് കോ-ഓർഡിനേറ്റർ ബിനു ജോസഫ് ക്ലാസ് നയിച്ചു. മഹിളാസമാജം ഭാരവാഹികൾ നേതൃത്വം നൽകി.

**നാൽപ്പാത്തിമല** യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ 5 ന് പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ നേതൃത്വം നൽകി. വിവിധ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ പരിസരശുചീകരണം നടത്തുകയും പച്ചക്കറിവിത്തുകൾ വിതരണം ചെയ്യുകയും ചെയ്തു.

**പാണ്ടി** യൂണിറ്റിൽ ജൂൺ 7 ന് പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് മഞ്ചേരിക്കളം വൃക്ഷതൈനട്ടുകൊണ്ട് പരിസ്ഥിതിദിനാചരണം ഉദ്ഘാടനം ചെയ്തു. സ്വാശ്രയസംഘാംഗങ്ങൾ പങ്കെടുത്തു.

# കേന്ദ്രവാർത്തകൾ

## നബാർഡിന്റെ 'ഇ-ശക്തി' പ്രവർത്തന പുരോഗതി വിലയിരുത്തലും തുടർപരിശീലനവും

സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനം ഇ-ഗവേർണൻസ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി ദേശീയ ഗ്രാമീണ കാർഷിക വികസന ബാങ്കിന്റെ (NABARD) ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന ഇ-ശക്തി, ഡാറ്റാ ഡിജിറ്റലൈസേഷൻ പ്രോഗ്രാമിന്റെ അവലോകനയോഗം ഏപ്രിൽ 20 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. നബാർഡ് കോട്ടയം ജില്ലാ വികസന മാനേജർ ശ്രീമതി കെ.ബി. ദിവ്യ, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. ശ്രീ. തോമസ് ജോസഫ് പങ്ങട, ഡോ. ജോസഫ് എബ്രഹാം എന്നിവർ ക്ലാസുകൾ നയിച്ചു. ഇ-ശക്തിയിൽ ഇപ്പോൾ പങ്കാളികളായിട്ടുള്ള 83 സ്വാശ്രയസംഘങ്ങളുടെ ഭാരവാഹികൾ പരിശീലത്തിൽ പങ്കെടുത്തു.




## ക്രെഡിറ്റ് യൂണിയൻ വാർഷികം

ചാസ് കേന്ദ്രയൂണിറ്റിന്റെ വാർഷികം ചാസ് കോൺഫ്രൻസ് ഹാളിൽ മെയ് 10 ന് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഓഡിറ്റർ ശ്രീ. കെ.സി. ജോർജ്ജ് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. 96 അംഗങ്ങൾ പങ്കെടുത്തു.

## ഹെൽപ്പ് ഡസ്ക്ക് അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ഹെൽപ്പ് ഡസ്ക്ക് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹെൽപ്പ് ഡസ്ക്ക് അതിരൂപതാ എക്സിക്യൂട്ടീവ് സമിതിയുടെ മീറ്റിംഗ് മെയ് 13 ന് ചാസ് കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ അദ്ധ്യക്ഷതവഹിച്ചു. 22 അംഗങ്ങൾ പങ്കെടുത്തു.

## ചങ്ങാതിക്കൂട്ടം-കിളിക്കൂട്-2018

ചാസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ചങ്ങാതിക്കൂട്ടം കുട്ടികൾക്കുവേണ്ടി മെയ് 17, 18 തീയതികളിൽ ചാസ് കേന്ദ്ര

ഓഫീസിൽ 'കിളിക്കൂട്-2018' ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, എസ് ബി. കോളേജ് MSW വിഭാഗം മേധാവി ഡോ. ജോളി കെ.ജെയിംസ് ഉദ്ഘാടനം നിർവഹിച്ചു. ഡി ഫോർ ഡാൻസ് ഫെയിം ശ്രീ. അജിത്ത് പി. അശോക് സമാപനസമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു. നേതൃത്വ പരിശീലനം, വ്യക്തിത്വ വികസനം, ആശയവിനിമയം, ഗ്രൂപ്പ് ചർച്ച കൾ, വിവിധ കലാകായിക പരിപാടികൾ തുടങ്ങിയവ ക്യാമ്പിന്റെ




പ്രത്യേകതകളായിരുന്നു. സെന്റ് ഗ്രിഗോറിയോസ് കോളേജ്, പരുമല, ജെംസ് ആർട്ട്സ് & സയൻസ് കോളേജ്, മലപ്പുറം, മാർ അഗസ്റ്റിനോസ് കോളേജ്, രാമപുരം എന്നീ കോളേജുകളിലെ MSW വിദ്യാർഥികൾ ക്യാമ്പിന് നേതൃത്വം നൽകി. 38 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**നാടൻ മുട്ടക്കോഴികുഞ്ഞങ്ങളേയും കോഴിക്കൂടും വിതരണം ചെയ്തു**

മെയ് 21 ന് ചാസ് കേന്ദ്ര ഓഫീസിൽ വച്ച് 60 ദിവസം പ്രായ മായ നാടൻ മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും 25 കോഴികളെ വളർത്താ വുന്ന ഹൈടെക് കോഴിക്കൂടും വിതരണം ചെയ്തു.

**ഇ-ശക്തി പരിശീനലനം**

സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച സ്ഥിതിവിവ രകണക്കുകൾ നബാർഡ് ഡിജിറ്റലൈസ് ചെയ്തുവരുന്നതിന്റെ ഭാഗമായി SHG പ്രതിനിധികൾക്കുവേണ്ടി ജൂൺ 20 ന് ഏകദിന പരിശീലനപരിപാടി നബാർഡിന്റെ സഹകരണത്തിൽ ചാസ് കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ചു. നബാർഡ് ജില്ലാ ഡവലപ്പ്മെന്റ് മാനേജർ ശ്രീമതി ദിവ്യ കെ.വി. ഉദ്ഘാടനം നിർവഹിച്ചു.

**SAFP സുവർണ്ണ ജൂബിലി ആഘോഷിച്ചു**

ചാസിന്റെ സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ സുവർണ്ണ ജൂബിലി ആഘോഷം ചങ്ങനാശ്ശേരി മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ ജൂൺ 31 ന് ആഘോഷിച്ചു. മനുഷ്യാ വകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് ആന്റണി ഡൊമിനിക്ക്

ഉദ്ഘാടനം ചെയ്തു. ആർച്ചു ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷതവഹിച്ചു. സുവർണ്ണ ജൂബിലി സ്മാരക സുവനീയ റിന്റെ പ്രകാശനം സഹായമെത്രാൻ മാർ തോമസ് തറയിൽ നിർവ ഹിച്ചു. സേവ് എ ഫാമിലി പ്ലാൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാർഷൽ മേലാപ്പിള്ളി മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ സമ്മാനദാനം നിർവഹിച്ചു. ഫാ. ജോസഫ് കളരിക്കൽ, ഫാ. ജോർജ്ജ് മാന്തുരുത്തിൽ, ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിലൂടെ 8188 കുടുംബങ്ങളെ സ്വയംപര്യാപ്തതയുടെ പാതയിലേയ്ക്ക് നയിക്കാൻ കുടുംബോദ്ധാരണ പദ്ധതിക്ക് സാധിച്ചു. ജൂബിലിയോടനുബന്ധിച്ച് ഉന്നതവിദ്യാഭ്യാസം നടത്തുന്ന 50 കുട്ടി കൾക്ക് ഡിഷ്ണറി വിതരണം ചെയ്തു.

**ആശാകിരണം-കൊളാഷ് മത്സരവിജയികൾക്ക് സമ്മാനം വിത രണം ചെയ്തു**

വിശ്വാസോത്സവത്തോടനുബന്ധിച്ച്, സൺഡേ സ്കൂളു കൾക്കായി ചാസ് നടത്തിയ ആശാകിരണം-കൊളാഷ് മത്സരത്തിൽ വിജയികളായ (1-ാം സ്ഥാനം ഇമ്മാക്കുലേറ്റ് ഹാർട്ട്, സൺഡേ സ്കൂൾ, കൈതവന, ആലപ്പുഴ, 2-ാം സ്ഥാനം സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, ചമ്പക്കര, നെടുംകുന്നം, 3-ാം സ്ഥാനം നിർമ്മലഭവൻ തിരു വന്തപുരം) 2018 ജൂൺ 30 ന് വിജയികളായ സൺഡേസ്കൂളുകൾക്ക് 10,000/-, 7,500/-, 5,000/- രൂപ കാഷ് അവാർഡും മെമന്റോയും ന ൽകി ചാസ് പ്രസിഡന്റ് വെരി. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ അവരെ ആദരിച്ചു.







## കൊളാഷ് മത്സരവിജയികൾ

# സംഘങ്ങൾക്ക് കരുത്തുപകർന്ന് ചാസ് തൃക്കൊടിത്താനം യൂണിറ്റ്

തൃക്കൊടിത്താനം യൂണിറ്റ് സ്വാശ്രയസംഘാംഗങ്ങൾക്കാവശ്യമായ തൊഴിൽ പരിശീലനവും സംരംഭങ്ങൾക്ക് സാമ്പത്തിക പിന്തുണയും നൽകാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. യൂണിറ്റിൽ 11 വനിതാസംഘങ്ങളും 12 പുരുഷ സംഘങ്ങളുമുണ്ട്. 'കീർത്തി' പുരുഷസംഘം കീർത്തി മെഡിക്കൽസ് എന്ന പേരിൽ കഴിഞ്ഞ 6 വർഷമായി മെഡിക്കൽ ഷോപ്പ് നടത്തുന്നു. 'സെന്റ് മേരീസ്' പുരുഷ സംഘത്തിന് സ്വന്തമായി ലൈറ്റ് ആന്റ് സൗണ്ട് സിസ്റ്റവും മൊബൈയിൽ മോർച്ചറിയുമുണ്ട്. അതോടൊപ്പം event management ഉം നടത്തുന്നു. 'ഉഷസ്' വനിതാസംഘം വിജയകരമായി പലചരക്ക് വ്യാപാരം നടത്തുന്നു.

തൃക്കൊടിത്താനം യൂണിറ്റിലെ എല്ലാസംഘങ്ങളെയും സംരംഭക/ഉത്പാദന സംഘങ്ങളായി മാറ്റുകയാണ് പ്രാദേശിക സൊസൈറ്റിയുടെ ലക്ഷ്യം. സിബിആർ അംഗങ്ങൾക്ക് പലിശരഹിതവായ്പ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങളും സ്വന്തമായി ആമ്പുലൻസ് സർവ്വീസും യൂണിറ്റ് നടത്തുന്നു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് കാലായിൽ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരുടെ നേതൃത്വം അഭിനന്ദനം അർഹിക്കുന്നു.



# മേഖലവാർത്തകൾ

## മേഖലാ എക്സിക്യൂട്ടിവ്

**കുടമാളൂർ** മേഖലാ എക്സിക്യൂട്ടിവ് ഏപ്രിൽ 8 ന് കുടമാളൂർ യൂണിറ്റിൽ വച്ചു നടത്തുകയുണ്ടായി. യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് ശ്രീ. മാത്യൂസ് മുട്ടത്തുപാടം അദ്ധ്യക്ഷത വഹിച്ചു. മേഖലാ സെക്രട്ടറി ശ്രീ. ജോളി കളമ്പുകാട്ടുശ്ശേരി റിപ്പോർട്ട് അവതരിപ്പിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. പി. വി. വർക്കി യൂണിറ്റുകളിലും, മേഖലകളിലും നടപ്പാക്കേണ്ട പദ്ധതികൾ വിശദീകരിച്ചു.

## ഹെൽപ്പ് ഡസ്ക്ക് മീറ്റിംഗ്

**അതിരൂപതയുടെ** ഹെൽപ്പ് ഡസ്ക്ക് സംവിധാനം സജീവമാക്കുന്നതിന്റെ ഭാഗമായി ഫൊറോനാതലത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നു. ഇതോടനുബന്ധിച്ച് ഫൊറോനാ കൗൺസിൽ അംഗങ്ങൾ, മാതൃ-പിതൃ വേദി, യുവദീപ്തി, കത്തോലിക്കാ കൺഗ്രസ്, സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി എന്നീ സംഘടനകളുടെ യൂണിറ്റ് പ്രസിഡന്റ്/സെക്രട്ടറി മാരുടെയും ചാസ് യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സംയുക്തയോഗം നടത്തി. ഫൊറോനാ നിർവ്വാഹക സമിതി അംഗങ്ങളെ തെരഞ്ഞെടുത്തു.

**ആലപ്പുഴ, ചമ്പക്കുളം, പുളിംകുന്ന്, എടത്വാ** ഫൊറോനകളിലെ ഹെൽപ്പ് ഡസ്ക്ക് ഭാരവാഹികളുടെ മീറ്റിംഗ് ഏപ്രിൽ 14 ന് കൈതവന പള്ളി പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. 84 അംഗങ്ങൾ പങ്കെടുത്തു.

**അതിരമ്പുഴ, കോട്ടയം, കുടമാളൂർ** ഫൊറോനകളിലെ ഹെൽപ്പ് ഡസ്ക്ക് ഭാരവാഹികളുടെ മീറ്റിംഗ് ഏപ്രിൽ 21 ന് കോട്ടയം ലൂർദ്ദ് പള്ളിയിൽ സംഘടിപ്പിച്ചു. 55 അംഗങ്ങൾ പങ്കെടുത്തു.

**ചങ്ങനാശ്ശേരി, തുരുത്തി, കുറുമ്പനാടം, തൃക്കൊടിത്താനം, നെടുംകുന്നം, മണിമല** ഫൊറോനകളിലെ ഹെൽപ്പ് ഡസ്ക്ക് ഭാരവാഹികളുടെ മീറ്റിംഗ് ഏപ്രിൽ 22 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. 40 അംഗങ്ങൾ പങ്കെടുത്തു.

**മണിമല** മേഖലയുടെ ഹെൽപ്പ് ഡസ്ക്ക് മീറ്റിംഗ് മെയ് 11 ന് മണിമല ഓൾഡ് യൂണിറ്റിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഹെൽപ്പ് ഡസ്ക്ക് രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, പ്രവർത്തനരീതി, യൂണിറ്റ് തലത്തിലും മേഖലാതലത്തിലും ഹെൽപ്പ് ഡസ്ക്ക് രൂപീകരണം എന്നിവയെക്കുറിച്ച് വിശദീകരിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി.

## ഭവന നിർമ്മാണത്തിന് സർക്കാർ സഹായം ലഭ്യമാക്കി

ന്യൂനപക്ഷ സമുദായങ്ങളിലെ വിധവകൾ, വിവാഹ മോചിതർ എന്നിവർക്കായി നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയായ

''ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി'' -വഴി ചാസ് കാവാലം യൂണിറ്റിന്റെ ശ്രമഫലമായി ഇടവകാംഗങ്ങളായ 6 വിധവകൾക്ക് ഭവനനിർമ്മാണത്തിന് രണ്ടര ലക്ഷം രൂപ വീതം 15 ലക്ഷം രൂപ യും വീടിന്റെ പുനരുദ്ധാരണത്തിന് 4 പേർക്ക് 50,000/- രൂപ വീതം 2 ലക്ഷം രൂപയും ഗ്രാന്റായി ലഭിച്ചു.

**ഭവനം നിർമ്മിച്ചു നൽകി**

മുട്ടർ ഓൾഡ് യൂണിറ്റ് ഇടവകാംഗമായ ശ്രീമതി ലില്ലിക്കുട്ടി തോമസിന്റെ കുടുംബത്തിന് യൂണിറ്റിന്റെ നേതൃത്വത്തിൽ ഭവനം നിർമ്മിച്ചു നല്കി. ചാസ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരി ക്കൽ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രഹാം തയ്യിൽ യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**SAFP സെൻട്രൽ മീറ്റിംഗുകൾ**

കുടുബോദ്ധാരണ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്ത കുടുംബങ്ങൾക്കുവേണ്ടി താഴെക്കൊടുത്തിരിക്കുന്ന തീയതികളിൽ സെൻട്രൽ മീറ്റിംഗുകൾ സംഘടിപ്പിച്ചു. ക്ഷയരോഗത്തെക്കുറിച്ച് *SAFP* ആനിമേറ്റേഴ്സ് ക്ലാസ് നയിച്ചു.

| തീയതി | യൂണിറ്റ് | പങ്കെടുത്തവർ |
|---|---|---|
| **മെയ്** | | |
| 04 | ചങ്ങനാശ്ശേരി | 9 |
| 06 | ചെത്തിപ്പുഴ | 10 |
| 19 | കൂരോപ്പട | 12 |
| 21 | അതിരമ്പുഴ | 14 |
| 24 | ഏറ്റുമാനൂർ | 12 |
| 25 | ആർപ്പൂക്കര | 7 |
| 25 | പഴവങ്ങാടി | 14 |
| 25 | നാലുകോടി | 9 |
| 26 | മണിമല ന്യൂ | 12 |
| 28 | കുമരകം വടക്കുംകര | 14 |
| 28 | പച്ച-ചെക്കിടിക്കാട് | 14 |
| 28 | നെടുംകുന്നം | 13 |
| 29 | അമ്പലപ്പുഴ | 10 |
| 29 | കൂത്രപ്പള്ളി | 10 |
| 31 | വെട്ടിമുകൾ | 12 |
| 31 | തകഴി | 10 |
| **ജൂൺ** | | |
| 02 | കിടങ്ങറ | 9 |
| 02 | കൊടുപ്പുന്ന | 10 |
| 02 | മുട്ടാർ ഓൾഡ് | 7 |
| 05 | ഈര | 4 |
| 07 | മുടിയൂർക്കര | 10 |
| 19 | പള്ളാത്തുരുത്തി | 9 |

# ആശാകിരണം

**സ്പർശം**

വെട്ടിമുകൾ യൂണിറ്റിൽ ഏപ്രിൽ 24 ന് ആശാകിരണം സ്പർശം പദ്ധതിയുടെ ഭാഗമായി 2500/- രൂപവീതം 5 അംഗങ്ങളിൽ നിന്നും വിഗ് നിർമ്മിക്കുന്നതിനായി 12,500/- സംഭാവന ലഭിച്ചു.

കുളത്തൂർ യൂണിറ്റിൽ ഏപ്രിൽ 28 ന് ആശാകിരണം സ്പർശം പദ്ധതിയുടെ ഭാഗമായി 8500/- രൂപ 6 സ്വാശ്രയസംഘങ്ങളിൽ നിന്നും വിഗ് നിർമ്മിക്കുന്നതിനായി സംഭാവന ലഭിച്ചു.

**കാൻസർ ബോധവത്ക്കരണ സെമിനാറും രോഗനിർണ്ണയ ക്യാമ്പും**

ഫിൽഗിരി യൂണിറ്റിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഏപ്രിൽ 14 ന് കാൻസർ ബോധവത്ക്കരണ സെമിനാറും രോഗനിർണ്ണയ ക്യാമ്പും സംഘടിപ്പിച്ചു. ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് ആരംഭത്തിലെ രോഗനിർണ്ണയം നടത്തിയാൽ രോഗത്തിൽനിന്നും പൂർണ്ണമായും മോചനം നേടാനാവുമെന്ന് വ്യക്തമാക്കി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഐബിൻ കൊറ്റത്തിൽ ഉദ്ഘാടനം നിർവഹിച്ചു. 1400 രൂപ ചെലവുവരുന്ന പരിശോധനകൾ തീർത്തും സൗജന്യമായിരുന്നു. 300 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.




**കാൻസർ സ്ക്രീനിംഗ് ചെക്കപ്പ്**

പായിപ്പാട് ലൂർദ്ദ് മാതാ യൂണിറ്റിൽ കാൻസർ കെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഏപ്രിൽ 8 ന് കാൻസർ സ്ക്രീനിംഗ് ചെക്കപ്പ് നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് അത്തിക്കളവും, യൂണിറ്റ് ഭാരവാഹികളും നേതൃത്വം നൽകി. 79 അംഗങ്ങൾ ചെക്കപ്പിന് വിധേയരായി.

നാലുകോടി യൂണിറ്റിൽ കാൻസർ കെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഏപ്രിൽ 15 ന് കാൻസർ സ്ക്രീനിംഗ് ചെക്കപ്പ് നടത്തി. 97 പേർ ക്യാമ്പ് പ്രയോജനപ്പെടുത്തി.

**കാൻസർരോഗ നിർണ്ണയ ക്യാമ്പ്**

പാറേൽ ചാസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എറണാകുളം കാൻസർ കെയർ സൊസൈറ്റിയുമായി സഹകരിച്ച് മെയ് 20 ഞായറാഴ്ച രാവിലെ 10.30 മുതൽ പാറേൽ ജെ. എം. എൽ. പി. സ്കൂളിൽ കാൻസർ സ്ക്രീനിംഗ് ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട് ഉദ്ഘാടനം നിർവഹിച്ചു. 52 പേർ പങ്കെടുത്തു ക്യാമ്പിന് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## നേത്രപരിശോധനാ ക്യാമ്പ്

### സൗജന്യ നേത്രപരിശോധനാ ക്യാമ്പും തിമിര ശസ്ത്രകിയയും

**കൂരോപ്പട** യൂണിറ്റ്, കോട്ടയം മെഡിക്കൽ കോളേജ് നേത്ര വിഭാഗം, ഇടിമണ്ണിക്കൽ ഒപ്റ്റിക്കൽസ് & ഐ ക്ലിനിക്ക് കോട്ടയം & ചങ്ങനാശ്ശേരി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഏപ്രിൽ 14 ന് കൂരോപ്പട സാന്താ മരിയ ആഡിറ്റോറിയത്തിൽ സൗജന്യ നേത്രപരിശോധനാക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ പൊങ്ങനാംതടം അദ്ധ്യക്ഷതവഹിച്ചു. 102 അംഗങ്ങൾ പങ്കെടുത്തു. 7 അംഗങ്ങളെ തിമിര ശസ്ത്രക്രിയയ്ക്ക് വിധേയരാക്കി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.



**കിഴക്കേമിത്രക്കരി** യൂണിറ്റിൽ തിരുവല്ല ചൈതന്യ ഐ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ 2018 ഏപ്രിൽ 26 ന് നേത്രപരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജിതിൻ കളത്തിൽ ഉദ്ഘാടനം നിർവഹിച്ചു. 98 പേർ ക്യാമ്പിൽ പങ്കെടുത്തു.

**പള്ളാത്തുരുത്തി** യൂണിറ്റിൽ തിരുവല്ല ചൈതന്യ ഐ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ 2018 മെയ് 6 ന് നേത്രപരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. കുര്യൻ ഇളംകുളം ഉദ്ഘാടനം നിർവഹിച്ചു. 91 പേർ ക്യാമ്പിൽ പങ്കെടുത്തു. മഹിളാ സമാജം ഭാരവാഹികൾ നേതൃത്വം നൽകി.

**പനയമ്പാല** യൂണിറ്റിൽ മെയ് 12 ന് തിരുവല്ല ചൈതന്യ ഐ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ നേത്രപരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺസൺ തുണ്ടിയിൽ ഉദ്ഘാടനം നിർവഹിച്ചു. 60 അംഗങ്ങൾ പങ്കെടുത്തു.

## വൃക്കരോഗ നിർണ്ണയക്യാമ്പ്

**തൃക്കൊടിത്താനം** യൂണിറ്റിന്റെ നേതൃത്വത്തിൽ ചീരംചിറ ചാരിറ്റി

വേൾഡ് ട്രസ്റ്റിന്റെ സഹകരണത്തോടെ മെയ് 13 ന് വൃക്കരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ഫൊറോന ഡയറക്ടർ വെരി. റവ. ഫാ. വർഗ്ഗീസ് കാലായിൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഭാര വാഹികൾ നേതൃത്വം നൽകി 112 പേർ പങ്കെടുത്തു.

## ഹോമിയോ മെഡിക്കൽക്യാമ്പ്

നാൽപ്പാത്തിമല യൂണിറ്റിന്റെയും പിണ്ടിപ്പുഴ ഹോമിയോ റിസേർച്ച് സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ ജൂൺ 3 ന് ഹോമിയോ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഡോ. മോഹനൻ നമ്പൂതിരി ക്യാമ്പിന് നേതൃത്വം നൽകി. 63 പേർ കാമ്പിൽ പങ്കെ ടുത്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ ക്യാമ്പ് ഉത്ഘാടനം ചെയ്തു. മഴക്കാലരോഗനിയന്ത്രണത്തിനുള്ള പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.

## ആയൂർവേദ മെഡിക്കൽ ക്യാമ്പ്

നാൽപ്പാത്തിമല യൂണിറ്റിന്റെയും ശാന്തിഗിരി ആശ്രമത്തി ന്റെയും സംയുക്താഭിമുഖ്യത്തിൽ ജൂൺ 27 ാം തീയതി ആയൂർവേദ മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു. ഡോ. മോഹൻദാസ് കെ.ആർ. ജൈവകൃഷിയെക്കുറിച്ച് ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഡോ. രമ്യ ക്യാമ്പിന് നേതൃത്വം നൽകി. 127 അംഗങ്ങൾ പങ്കെടുത്തു. ക്യാമ്പിൽ പങ്കെ ടുത്ത അംഗങ്ങൾക്ക് ലേഹ്യം, കുഴമ്പ്, അരിഷ്ടം എന്നിവ വിതരണം ചെയ്തു.

## കാൻസർരോഗ ബോധവത്ക്കരണം

താഴെപ്പറയുന്ന തീയതികളിൽ കാൻസർ ബോധവത്ക്കരണ ക്ലാസുകൾ ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് നയിച്ചു.

| തീയതി | സ്ഥലം | അംഗങ്ങൾ |
|---|---|---|
| 06.04.2018 | കലവൂർ | 45 |
| 07.04.2018 | സെന്റ് പോൾസ് സൺഡേസ്കൂൾ, വേഴപ്രാ | 268 |
| 09.04.2018 | സെന്റ് തോമസ് സൺഡേസ്കൂൾ, നാലുകോടി | 782 |
| 10.04.2018 | ഫാത്തിമ മാതാ സൺഡേസ്കൂൾ, പള്ളിക്കൂട്ടുമ്മ | 264 |
| 17.04.2018 | *KSSS* കോട്ടയം | 125 |
| 27.04.2018 | കരുവാറ്റ | 58 |
| 22.06.2018 | സെന്റ് സേവ്യേഴ്സ് സ്കൂൾ, മിത്രക്കരി | 360 |
| 23.06.2018 | *DCVS* പാസ്റ്ററൽ സെന്റർ, ചങ്ങനാശ്ശേരി | 32 |

# പരിശീലന പരിപാടികൾ

**വ്യവസായ സംരംഭകത്വ പരിശീലന പരിപാടി**

വ്യക്തികളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി കൈനകരി യൂണിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങൾക്കും ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്കും വേണ്ടി ഏപ്രിൽ 13 ന് വ്യവസായ സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. ചാസ്



ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.പി. രാജീവ് മുഖ്യപ്രഭാഷണം നടത്തി. ശ്രീ. ജോജോ കെ.സി. ക്ലാസ് നയിച്ചു. 48 അംഗങ്ങൾ പങ്കെടുത്തു.

**തയ്യൽ മെഷീൻ വിതരണം ചെയ്തു**

**കുടമാളൂർ** യൂണിറ്റിൽ മെയ് 17 ന് സെന്റ് മേരീസ് സ്വാശ്രയ സംഘത്തിലെ അംഗങ്ങൾ സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സംഘാംഗത്തിന് സൗജന്യമായി തയ്യൽ മെഷീൻ വിതരണം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ വിതരണോദ്ഘാടനം നിർവഹിച്ചു.

**നാൽപ്പാത്തിമല** യൂണിറ്റിൽ സ്വയംതൊഴിൽപദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി മെയ് 27 -ാം തീയതി 29 പേർക്ക് പലിശരഹിതവായ്പ അനുവദിച്ച് തയ്യൽ മെഷീൻ വിതരണം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ വിതരണോദ്ഘാടനം നിർവഹിച്ചു.

**തയ്യൽ പരിശീലനം**

**പച്ച ചെക്കിടിക്കാട്** യൂണിറ്റിൽ ഏപ്രിൽ 23 ന് രണ്ടാംഘട്ട തയ്യൽ പരിശീലനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ



റവ. ഫാ. ആന്റണി നിരയത്ത്, അസി. വികാരി ഫാ. ജെനി ഇരുപതിൽ എന്നിവർ പ്രസംഗിച്ചു. 40 അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

**നാൽപ്പാത്തിമല** യൂണിറ്റിൽ നാലുമാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനത്തിന് മെയ് 14 ന് തുടക്കം കുറിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ ഉദ്ഘാടനം നിർവഹിച്ചു. 24 വനിതകൾ പങ്കെടുക്കുന്നു.

**തയ്യൽ പരിശീലനം സമാപിച്ചു**

**വെട്ടിമുകൾ** യൂണിറ്റിന്റെ നേതൃത്വത്തിൽ കഴിഞ്ഞ നാലു മാസമായി നടന്നുവന്ന തയ്യൽ പരിശീലനം മെയ് 3 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് വരിക്കപ്പള്ളി അദ്ധ്യക്ഷതവഹിച്ചു. പരിശീലനം പൂർത്തീകരിച്ച 24 വനിതകൾക്ക് ചാസ് ഡയറക്ടർ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**പൊടിപ്പാറ** യൂണിറ്റിൽ നാലുമാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനം ജൂൺ 28 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് മുളവന ഉദ്ഘാടനം നിർവഹിച്ചു. പരിശീലനം പൂർത്തീകരിച്ച 22 വനിതകൾക്ക് ചാസ് ഡയറക്ടർ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**ചക്ക മഹോത്സവം**

**ആർപ്പൂക്കര** ചെറുപുഷ്പം യൂണിറ്റും ഹരിതാ ഫാർമേഴ്സ് ക്ലബും സംയുക്തമായി ജൂൺ 17 ന് ചക്ക മഹോത്സവം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് തെക്കേക്കര ഉദ്ഘാടനം നിർവഹിച്ചു. ചക്ക ഉപയോഗിച്ച് സ്ക്വാഷ്, ബജി, ജാം, മിക്സ്ചർ, ലസി എന്നിവ നിർമ്മിക്കാൻ കോ-ഓർഡിനേറ്റർമാരായ അൽഫോൻസ് വർഗീസ്, സജിഷാജി എന്നിവർ പരിശീലനം നൽകി. 50 അംഗങ്ങൾ പങ്കെടുത്തു.

**ചക്കസംസ്ക്കരണം**

| തീയതി | യൂണിറ്റ് | പരിശീലകർ | പങ്കെടുത്ത അംഗങ്ങൾ |
|---|---|---|---|
| ഏപ്രിൽ 16 | പനയമ്പാല | ജോളി | 16 |
| മെയ് 27 | ആർപ്പൂക്കര | സജി ഷാജി &അൽഫോൻസ് വർഗീസ് | 48 |



| | | | |
|---|---|---|---|
| ജൂൺ 31 | ചെറുവാണ്ടൂർ | സജി ഷാജി &അൽഫോൻസ് വർഗീസ് | 35 |
| ജൂൺ 8 | നാൽപ്പാത്തിമല | സജി ഷാജി &അൽഫോൻസ് വർഗീസ് | 60 |
| ജൂൺ 23 | മായം | സജി ഷാജി &അൽഫോൻസ് വർഗീസ് | 52 |

## കുടനിർമ്മാണം

| തീയതി | യൂണിറ്റ് | പരിശീലകർ | പങ്കെടുത്ത അംഗങ്ങൾ |
|---|---|---|---|
| മെയ് 5 | പാമ്പാടി | ഗ്രേയ്സമ്മ ജോസഫ് | 25 |
| മെയ് 7 | കൊടിനാട്ടുകുന്ന് | സജി ഷാജി | 16 |
| മെയ് 10 | ചെറുവാണ്ടൂർ | സജി ഷാജി | 25 |



## തേനീച്ച വളർത്തൽ

| തീയതി | യൂണിറ്റ് | പരിശീലകർ | പങ്കെടുത്ത അംഗങ്ങൾ |
|---|---|---|---|
| മെയ് 15 | പെരുങ്കാവ് | ശ്രീ. ഡൊമിനിക്ക് | 25 |

(ബീ കീപ്പിംഗ് എക്സ്റ്റൻഷൻ ഓഫീസർ)

## കാർപ്പറ്റ് നിർമ്മാണം

| തീയതി | യൂണിറ്റ് | പരിശീലകർ | അംഗങ്ങൾ |
|---|---|---|---|
| മെയ് 8 | കൊടുപ്പുന്ന | ശ്രീമതി ആൻസി ലോനിച്ചൻ | 35 |
| ജൂൺ 14 | ആറാട്ടുവഴി | ശ്രീമതി മേരിക്കുട്ടി മാത്യു | 14 |
| ജൂൺ 28 | മുഹമ്മ | ശ്രീമതി മേരിക്കുട്ടി മാത്യു | 18 |






## ജാം നിർമ്മാണം

| തീയതി | യൂണിറ്റ് | പരിശീലകർ | പങ്കെടുത്ത അംഗങ്ങൾ |
|---|---|---|---|
| മെയ് 18 | നാലുകോടി | ശ്രീമതി സജി ഷാജി | 17 |

# ഖാദി

## സർട്ടിഫിക്കറ്റ് വിതരണം

ചാസ് ഖാദി ഗ്രാമവ്യവസായ വകുപ്പുമുഖേന കരിമ്പന ക്കുളം യൂണിറ്റിൽ നടത്തിവന്ന ബേക്കറി നിർമ്മാണ പരിശീലനം പൂർത്തിയക്കായ 24 അംഗങ്ങൾക്ക് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## സിൽക്ക് സാരിമേളയും NRI ഫെസ്റ്റും

ചാസിന്റെ എല്ലാ ഖാദി ഷോറൂമുകളിലും ജൂലൈ 16 മുതൽ 31 വരെ 25% സ്പെഷ്യൽ ഡിസ്ക്കൗണ്ടോടുകൂടി സിൽക്ക് സാരി മേളയും NRI ഫെസ്റ്റും സംഘടിപ്പിക്കുന്നതാണ്.

## ഓണം ഖാദി ഫെസ്റ്റ്

ഒണത്തോടനുബന്ധിച്ച് ചാസിന്റെ എല്ലാ ഖാദി ഷോറൂമുക ളിലും വസ്ത്ര-കരകൗശല-ഫർണീച്ചർ മേള ആഗസ്റ്റ് 1 മുതൽ 24 വരെ നടത്തപ്പെടുന്നു. ഖാദി തുണിത്തരങ്ങൾക്ക് 30% ഗവൺമെന്റ് സ്പെഷ്യൽ റിബേറ്റിനുപുറമേ ചാസ് സ്വാശ്രയസംഘാംഗങ്ങൾ, ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾ എന്നിവർക്ക് 5% സ്പെഷ്യൽ റിബേറ്റും ലഭിക്കുന്നതാണ്.

## ചാസ് ഖാദിയിൽ കേന്ദ്രസർക്കാരിന്റെ വിവിധയിനം തൊഴിൽ പരിശീലന കോഴ്സുകൾ

കേന്ദ്ര ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ സഹകരണത്തോടെ ചാസ് ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ഉടൻ ആരംഭിക്കുന്ന ബ്യൂട്ടീഷൻ കോഴ്സ്, പേപ്പർ കൺവർഷൻ (പേപ്പർ ബാഗ്, വിവിധയിനം ലേഡീസ് ഹാൻഡ് ബാഗുകൾ, പേഴ്സുകൾ, ബിഗ്ഷോപ്പറുകൾ) ഗ്ലാസ് പെയിന്റിംഗ്, ഫേബ്രിക്ക് പെയിന്റിംഗ്, ഹാൻഡ് എംബ്രോയിഡറി, ബീഡ്സ് വർക്ക്, ആർട്ട് അന്റ് ക്രാഫ്റ്റ്, ഫാൻസി കാൻഡിൽ മേക്കിംഗ്, ജൂവലറി മേക്കിംഗ് (ഫാൻസി പേപ്പർ ഓർണമെന്റ്സ്) ടെറാക്കോട്ട ജൂവലറി മേക്കിംഗ് തുടങ്ങിയ പരിശീലനത്തിന് തൊഴിൽ രഹിതരായ വനിതകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. ഗവൺമെന്റ് നിരക്കിലുള്ള 20 സീറ്റു കൾമാത്രം. കേന്ദ്ര ഗവ. സർട്ടിഫിക്കറ്റും സ്വയം തൊഴിൽ വായ്പയും ലഭ്യമാക്കും. താത്പര്യമുള്ളവർ ബന്ധപ്പെടുക. 9495110143, 9656558182.

## ഖാദി പ്ലാസാ ഷോറൂം ഉദ്ഘാടനം - മല്ലപ്പള്ളി

ചാസിന്റെ നേതൃത്വത്തിൽ മല്ലപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഖാദിപ്ലാസയുടെ പുതിയ ഷോറൂം (മല്ലപ്പള്ളി പഞ്ചായത്ത് ഓഫീസിന് സമീപം) ജൂലൈ 4 ന് ബുധനാഴ്ച ഉച്ചകഴിഞ്ഞ് മൂന്നു

മണിക്ക് ഉദ്ഘാടനം ചെയ്യപ്പെട്ടു. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ആശീർവാദകർമ്മ നിർവഹിച്ചു. ചാസ് പ്രസിഡന്റ് ഫാ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷതവഹിച്ച പൊതുസമ്മേളനം ശ്രീ. അന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്തു.

**ചാസ് ഖാദി ബ്യൂട്ടീഷൻ കോഴ്സ് സമാപനം**

കേന്ദ്ര ഖാദി ഗ്രാമവ്യവസായകമ്മീഷൻ ചങ്ങനാശ്ശേരി ചാസിന്റെ സഹകരണത്തോടെ മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ രണ്ടു മാസം ദീർഘിച്ച ബ്യൂട്ടീഷ്യൻ കോഴ്സ് സമാപിച്ചു. ചാസ് സെക്രട്ടറി ഫാ. ജോസഫ് കളരിക്കൽ, ജോയിന്റ് സെക്രട്ടറി ഫാ. ജോർജ്ജ് മാന്തുരുത്തിൽ, ചാസ് ഖാദി ജനറൽ മാനേജർ ജോൺ സക്കറിയാസ്, അസി. മാനേജർ ജോജോ കെ.സി, ഖാദി വിദ്യാലയ ഇൻസ്ട്രക്ടർമാരായ ജിജി സാബു, രേഖ ഷാജി എന്നിവർ പ്രസംഗിച്ചു.

## RRTC

**അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണം ചാസിൽ**

ചാസും ചങ്ങനാശ്ശേരി എൻ.എസ്.എസ് ഹയർ സെക്കന്ററി സ്കൂളും സംയുക്തമായി അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണം 2018 ജൂൺ 26 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ കുറിച്ചി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മനോജ് ജോർജ്ജ് മുളപ്പഞ്ചേരി ഉദ്ഘാടന കർമ്മം നിർവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം നൽകി. 'ലഹരി ഉപയോഗവും -യുവതലമുറയും' എന്ന വിഷയത്തിൽ ശ്രീ. ലിജു തോമസ്, ശ്രീ. റ്റി.എ. മാത്യു തച്ചിലേട്ട് എന്നിവർ ക്ലാസ് നയിച്ചു. ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി,



എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസർ ശ്രീ. സനീഷ് ജി., സ്കൗട്ട് മാസ്റ്റർ ശ്രീ. നന്ദകുമാർ എന്നിവർ പ്രസംഗിച്ചു. ചങ്ങനാശ്ശേരി എൻ.എസ്.എസ്. സ്കൂളിലെ നാഷ്ണൽ സർവ്വീസ് സ്കിം പ്രവർത്തകരും സ്കൗട്ട് അംഗങ്ങളും ലഹരി വിരുദ്ധ പ്രതിജ്ഞയും റാലിയും നടത്തി.

**കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സഹായത്തോടെ നടത്തപ്പെടുന്ന പരിശീലനങ്ങൾ**

***പരിപാടി:* സ്വാശ്രയസംഘാംഗങ്ങൾക്ക് വേണ്ടിയുള്ള ഏകദിന ബോധവൽക്കരണം**

| തീയതി | യൂണിറ്റ് |
|---|---|
| സെപ്റ്റംബർ 20 | കുറിച്ചി |
| സെപ്റ്റംബർ 23 | പായിപ്പാട് |
| സെപ്റ്റംബർ 24 | മാടപ്പള്ളി |
| സെപ്റ്റംബർ 30 | ആർപ്പൂക്കര |
| ഒക്ടോബർ 10 | രമങ്കരി |
| ഒക്ടോബർ 15 | മൂട്ടാർ |

# അസ്സീസി വിദ്യാലയം

**അസ്സീസി വിദ്യാലയം-പ്രവേശനോത്സവവും രക്ഷാകർതൃസമ്മേളനവും**

പൂന്തോപ്പ് അസ്സീസി വിദ്യാലയത്തിൽ പുതിയ അദ്ധ്യയന വർഷം ജൂൺ 4-ാം തീയതി തിങ്കളാഴ്ച ആരംഭിച്ചു. ഈ വർഷം 5 കുട്ടികൾ പുതുതായി പ്രവേശനം നേടി. ആകെ 74 കുട്ടികൾ 11 അധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നേടുന്നു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പ്രവേശനവർഷം ഉദ്ഘാടനം ചെയ്തു. അനുബന്ധമായി നടത്തപ്പെട്ട രക്ഷാകർതൃസമ്മേളനത്തിൽ അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മാർഗ്ഗനിർദ്ദേശപ്രസംഗം നടത്തി. പൂന്തോപ്പ് പള്ളി അസി. വികാരി റവ. ഫാ. തോമസ് വഞ്ചിക്കൽ സ്കൂൾ ആശീർവദിച്ചു. തുടർന്ന് അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും ചേർന്ന് സ്കൂൾ പരിസരത്ത് വൃക്ഷതൈകൾ നട്ടു.


**ഗൃഹ ലക്ഷ്മി**

രോഗികൾക്കൊപ്പം താമസിച്ച് കിടപ്പുരോഗികളെ ശുശ്രൂഷിക്കുവാൻ താത്പര്യമുള്ള യുവതികളെ ആവശ്യമുണ്ട്. **അലവൻസ് –10,000 രൂപ**

**ഗൃഹശ്രീ**

പകൽ സമയം വീട്ടുജോലികളിൽ സഹായിക്കുവാൻ വനിതകളെ ആവശ്യമുണ്ട്. 8000 രൂപ അലവൻസും യാത്രാ ചെലവും നൽകുന്നതാണ്.

രോഗികളെ ശുശ്രൂഷിക്കുകയും അതോടൊപ്പം വീട്ടു ജോലികളിൽ സഹായിക്കുകയും ചെയ്താൽ 12,000 രൂപ അലവൻസ് ലഭിക്കും.

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9495534212**

# അറിയിപ്പുകൾ

**ചാസ് കേന്ദ്രമേഖലതല പരിപാടികൾ 2018 -2019**
**ജൂലൈ-ഡിസംബർ**

**തീയതി** **പരിപാടി**

**ജൂലൈ**

| | |
|---|---|
| 01 | *Men SHG* സംഗമം-കുട്ടനാട് |
| 07 | *PME* ചങ്ങനാശ്ശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പാനാടം |
| 09 | *PME* അതിരമ്പുഴ, കുടമാളൂർ, കോട്ടയം |
| 10 | *PME* കുട്ടനാട്, എടത്വാ & ആലപ്പുഴ |
| 12 | *PME* നെടുംകുന്നം & മണിമല |
| 20 | *SAFP* റീജണൽ മീറ്റിംഗ്-ചങ്ങനാശ്ശേരി |
| 20 | *KSBCDC* വായ്പാവിതരണം-ചാസ് |
| 24 | അക്വാപോണിക് കൃഷി ക്ലാസ്-ചാസ് |
| 28 | *SAFP* റീജണൽ മീറ്റിംഗ്-കുട്ടനാട് |
| 28 | *PME* അമ്പൂരി |
| 30 | വിക്ടിം കോമ്പൻ സേഷൻ സ്കീം-ചാസ് |

**ആഗസ്റ്റ്**

| | |
|---|---|
| 07 | *PME*-കൊല്ലം |
| 18 | കർഷകദിനാചരണ പരിപാടികൾ-ഏറ്റുമാനൂർ |

**ഒക്ടോബർ**

| | |
|---|---|
| 02 | ഗാന്ധിജയന്തി |

**മേഖലാതല MEN SHG Leaders meeting**

**ജൂലൈ**

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| 22 | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| **ആഗസ്റ്റ്** | | |
| 05 | ചങ്ങനാശ്ശേരി & തുരുത്തി | പാറേൽ |
| 12 | പഴവങ്ങാടി | ആലപ്പുഴ |
| 26 | വടവാതൂർ | കോട്ടയം |
| **സെപ്റ്റംബർ** | | |
| 02 | കൊല്ലം | മീൻകുളം |
| 08 | ഐക്കരച്ചിറ | കുടമാളൂർ |
| 09 | മണിമല | മണിമല |
| 09 | അമ്പൂരി | വാവോട് |
| 16 | അതിരമ്പുഴ | ഏറ്റുമാനൂർ |
| 16 | നാലുകോടി | തൃക്കൊടിത്താനം |
| 16 | കുട്ടനാട് | മിത്രക്കരി സെന്റ് സേവ്യേഴ്സ് |
| 19 | എടത്വ | കൊടുപ്പുന്ന |

**മേഖലാതല MEN SHG SANGAMAM**

**ഒക്ടോബർ**

| | |
|---|---|
| 07 | ചങ്ങനാശ്ശേരി & തുരുത്തി |
| 14 | തൃക്കൊടിത്താനം |
| 21 | അതിരമ്പുഴ |
| 28 | ആലപ്പുഴ |

## SAFP മേഖലാ സംഗമങ്ങൾ

**ജൂലൈ**

27 ചങ്ങനാശ്ശേരി

28 അതിരമ്പുഴ

**ആഗസ്റ്റ്**

18 കുട്ടനാട്

## 2018 ജൂലൈ-ഒക്ടോബർ മാസങ്ങളിലെ യൂണിറ്റ് പരിപാടികൾ

| മേഖല | യൂണിറ്റ് | പരിപാടികൾ |
|---|---|---|
| **ജൂലൈ** | | |
| 01 ആർപ്പൂക്കര | | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 02 മാടപ്പള്ളി | | ഊർജ്ജിതം - 2018 |
| 03 ഇരവുചിറ | | സ്വാശ്രയസംഘസംഗമം |
| 04 അമ്പൂരി | | ആശാകിരണം-കാൻസർരോഗനിർണ്ണയ ക്യാമ്പ് |
| 05 കുടമാളൂർ | | മേഖലാ എക്സിക്യൂട്ടീവ് |
| 05 നെടുംകുന്നം | | ഊർജ്ജിതം - 2018 |
| 06 മീൻകുളം | | സോപ്പ്, സോപ്പുപൊടിനിർമ്മാണം |
| 06 വെട്ടിമുകൾ | | ഭവനസന്ദർശനം *SAFP* |
| 06 നെടുംകുന്നം | | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം |
| 07 കുടമാളൂർ | | സ്വാശ്രയസംഘസംഗമം |
| 07 തോട്ടയ്ക്കാട് | | സ്വാശ്രയസംഘസംഗമം |
| 07 കരിമ്പനക്കുളം | | സ്വാശ്രയസംഘസംഗമം |
| 08 അയർക്കുന്നം | | ആശാകിരണം-കാൻസർരോഗനിർണ്ണയ ക്യാമ്പ് |
| 09 അതിരമ്പുഴ | | ഭവനസന്ദർശനം *SAFP* |
| 10 കറിക്കാട്ടൂർ | | സംരംഭകത്വ പരിശീലനം |
| 10 മായം | | ആശാകിരണം-കാൻസർരോഗനിർണ്ണയ ക്യാമ്പ് |
| 10 കൂത്രപ്പള്ളി | | സ്വാശ്രയസംഘസംഗമം |
| 10 ഏറ്റുമാനൂർ | | കുടനിർമ്മാണ പരിശീലനം |
| 11 കൊടുപ്പുന്ന | | കുടനിർമ്മാണ പരിശീലനം |
| 12 വടവാതൂർ | | യൂണിറ്റ് വാർഷികം |
| 12 ചെറുവാണ്ടൂർ | | *SAFP-FAT* |
| 12 ഏറ്റുമാനൂർ | | കുടനിർമ്മാണ പരിശീലനം |
| 12 ആയൂർ | | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 13 കൈനകരി | | സ്വാശ്രയസംഘസംഗമം |
| 13 അതിരമ്പുഴ | | *SAFP*മേഖലാ മീറ്റിംഗ് |
| 13 പെരുങ്കാവ് | | തയ്യൽ പരിശീലനം ഉദ്ഘാടനം |
| 13 മരിയാപുരം, കോയിൽമുക്ക് | | സ്വാശ്രയസംഘസംഗമം |
| 13 മൈലാടി | | ബേക്കറി പരിശീലനം |
| 14 മണിമല ന്യൂ | | സംരംഭകത്വ പരിശീലനം |
| 14 പള്ളാത്തുരുത്തി | | ഫാർമേഴ്സ്ക്ലബ് മീറ്റിംഗ് |
| 14 വെട്ടിമുകൾ | | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 14 ഐക്കരച്ചിറ | | സ്വാശ്രയസംഘസംഗമം |
| 14 ആർപ്പൂക്കര | | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 14 പള്ളാത്തുരുത്തി | | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |

| | |
|---|---|
| 16 കോട്ടയ്ക്കപ്പുറം | കുടനിർമ്മാണ പരിശീലനം |
| 16 കരിമ്പനക്കുളം | തയ്യൽ പരിശീലനം ഉദ്ഘാടനം |
| 16 ആര്യങ്കാവ് | സ്വാശ്രയസംഘ രൂപീകരണം |
| 16 കുമരകംവടക്കുംകര | സ്വാശ്രയസംഘസംഗമം |
| 17 കുറുമ്പനാടം | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം |
| 17 പള്ളാത്തുരുത്തി | സ്വാശ്രയസംഘസംഗമം |
| 17 ഫാത്തിമാപുരം | സ്വാശ്രയസംഘസംഗമം |
| 17 വില്ലൂന്നി | സ്വാശ്രയസംഘസംഗമം |
| 17 പുന്നത്തുറ | ബേക്കറി പരിശീലനം |
| 17 പാണ്ടങ്കരി | ഫ്ളോർ മാറ്റ് നിർമ്മാണ പരിശീലനം |
| 14 പുറക്കാട് | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 19 മണിമല ഓൾഡ് | പേപ്പർ കാരിബാഗ് പരിശീലനം |
| 19 ഫിൽഗിരി | സെമിനാർ-കുടുംബ ബഡ്ജറ്റ് |
| 20 കോട്ടയ്ക്കപ്പുറം | യൂണിറ്റുവാർഷികം |
| 21 കൈനകരി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 21 മുഹമ്മ | സ്വാശ്രയസംഘസംഗമം |
| 21 ഫിൽഗിരി | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം |
| 21 മുടിയൂർക്കര | സ്വാശ്രയസംഘസംഗമം |
| 21 വെട്ടിക്കൽപുരയിടം | സ്വാശ്രയസംഘസംഗമം |
| 22 കിഴക്കേമിത്രക്കരി, പുതുക്കരി | സ്വാശ്രയസംഘസംഗമം |
| 23 മണ്ണാർകുന്ന് | സ്വാശ്രയസംഘസംഗമം |
| 23 മാമ്മൂട് | കുടനിർമ്മാണ പരിശീലനം |
| 24 പള്ളിക്കൂട്ടുമ്മ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 24 മീൻകുളം | സോപ്പ് സോപ്പുപൊടി നിർമ്മാണ പരിശീലനം |
| 24 എടത്വാ | മേഖലാ എക്സിക്യൂട്ടീവ് |
| 26 അതിരമ്പുഴ | സ്വാശ്രയസംഘരൂപീകരണം |
| 26 കുളത്തൂർ | ഫാർമേഴ്സ് ക്ലബ് രൂപീകരണം |
| 26 ചേന്നങ്കരി | സ്വാശ്രയസംഘസംഗമം |
| 27 ചമ്പക്കര | ഊർജ്ജിതം - 2018 |
| 27 പുന്നക്കുന്നം | ആശാകിരണം-കാൻസർ ബോധവത്ക്കരണം |
| 27 നാൽപ്പാത്തിമല | ആഭരണനിർമ്മാണ പരിശീലനം |
| 28 ചീപ്പുങ്കൽ | സ്വാശ്രയസംഘസംഗമം |
| 28 വായ്പൂർ | സ്വാശ്രയസംഘസംഗമം |
| 30 വാവോട് | ആശാകിരണം-കാൻസർ ബോധവത്ക്കരണം |
| 30 വെളിയനാട് | സ്വാശ്രയസംഘരൂപീകരണം |
| **ആഗസ്റ്റ്** | |
| 01 മീൻകുളം | തയ്യൽപരിശീലനംആരംഭം |
| 02 പാണ്ടി | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |
| 02 മണ്ണഞ്ചേരി | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |
| 02 വെട്ടിക്കൽപുരയിടം | സ്വാശ്രയസംഘസംഗമം |
| 04 പുതുശ്ശേരി | സംഘരൂപീകരണം |
| 04 രാജഗിരി | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 04 ചാഞ്ഞോടി | ജെഎൽജി സംഗമം |
| 04 മീൻകുളം | ഫ്ളവർ മേക്കിംഗ്-പരിശീലനം |
| 04 കടയനിക്കാട് | ഫാർമേഴ്സ് ക്ലബ് രൂപീകരണം |
| 05 ആർപ്പൂക്കര | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |

| | |
|---|---|
| 05 കോട്ടയ്ക്കപ്പുറം | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 05 തൃക്കൊടിത്താനം | കാൻസർരോഗനിർണ്ണയ ക്യാമ്പ് |
| 07 കുടമാളൂർ | മേഖലാ എക്സിക്യൂട്ടീവ് |
| 07 വെട്ടിമുകൾ | ഭവനസന്ദർശനം-*SAFP* |
| 07 കായൽപ്പുറം | സ്വാശ്രയസംഘസംഗമം |
| 09 പുന്നമട | ബേക്കറി പരിശീലനം |
| 09 പുളിങ്കുന്ന് | മേഖലാ എക്സിക്യൂട്ടീവ് |
| 10 ആര്യങ്കാവ് | ഫ്ളവർമേക്കിംഗ് പരിശീലനം |
| 10 തൃക്കൊടിത്താനം | മേഖലാ എക്സിക്യൂട്ടീവ് |
| 11 പുറക്കാട് | സ്വാശ്രയസംഘസംഗമം |
| 12 ചീപ്പുങ്കൽ | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 13 കരുമാടി, അമ്പലപ്പുഴ | ക്രെഡിറ്റ് യൂണിയൻ സംഗമം |
| 13 വായ്പൂർ | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 13 അറുന്നൂറ്റിൻപാടം | സ്വാശ്രയസംഘസംഗമം |
| 13 ആറുമാനൂർ | സ്വാശ്രയസംഘരൂപീകരണം |
| 13 കൂരോപ്പട | കാർഷികസെമിനാർ |
| 14 ഫിൽഗിരി | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 15 ഡാൽമുഖം | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 16 പുല്ലങ്ങടി | ഫ്ളോർമാറ്റ് നിർമ്മാണ പരിശീലനം |
| 17 കൂത്രപ്പള്ളി | ഫ്ളോർമാറ്റ് നിർമ്മാണം |
| 17 മണ്ണാർകുന്ന് | അഗ്രിക്കൾച്ചർ സെമിനാർ |
| 17 പെരുങ്കാവ് | സ്വാശ്രയസംഘസംഗമം |
| 18 ചേപ്പുംപാറ | കാർഷികസെമിനാർ |
| 18 നാലുകോടി | കർഷകദിനാചരണം |
| 18 മുട്ടാർ ന്യൂ | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 20 മീൻകുളം | സ്വാശ്രയസംഘസംഗമം |
| 21 പള്ളാത്തുരുത്തി | ബേക്കറി പരിശീലനം |
| 22 നെടുമണ്ണി | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 22 നരിക്കൽ | സിബിആർ മീറ്റിംഗ് |
| 23 നരിക്കൽ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 24 പുന്നക്കുന്നം | സ്വാശ്രയസംഘ രൂപീകരണം |
| 25 അയർക്കുന്നം | സ്വാശ്രയസംഘസംഗമം |
| 28 തകഴി | മേഖലാ എക്സിക്യൂട്ടീവ് |
| 24 കുടമാളൂർ | ഓണാഘോഷം |
| 24 പുന്നത്തുറ | ഫാർമേഴ്സ് ക്ലബ് മീറ്റ് & അഗ്രിക്കൾച്ചർ സെമിനാർ |
| 25 ചീപ്പുങ്കൽ | ഓണാഘോഷം |
| 25 അതിരമ്പുഴ | സ്വയംതൊഴിൽ പരിശീലനം |
| 26 മുടിയൂർക്കര | ഓണാഘോഷം |
| 26 കണ്ണാടി | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 27 ഐക്കരച്ചിറ | ഓണാഘോഷം |
| 27 അതിരമ്പുഴ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 27 കാവാലം, തോട്ടുവാത്തല | ഫ്ളോർമാറ്റ് നിർമ്മാണപരിശീലനം |
| 30 കുളത്തൂർ | സ്വാശ്രയസംഘസംഗമം |
| **സെപ്റ്റംബർ** | |
| 01 തേക്കുപാറ | ആശാകിരണം-കാൻസർബോധവത്ക്കരണം |

| | |
|---|---|
| 01 പാമ്പാടി | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 02 ആർപ്പൂക്കര | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 03 കായൽപ്പുറം | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |
| 03 പങ്ങട | സൺഡേമാർക്കറ്റ് |
| 06 കുടമാളൂർ | മേഖലാ എക്സിക്യൂട്ടീവ് |
| 06 മണിമല ന്യൂ | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 07 ഇരവുചിറ | മാറ്റ് നിർമ്മാണപരിശീലനം |
| 07 പുത്തനങ്ങാടി | സ്വാശ്രയസംഘസംഗമം |
| 07 നാൽപ്പാത്തിമല | ആഭരണനിർമ്മാണ പരിശീലനം |
| 10 കരുമാടി, അമ്പലപ്പുഴ | ക്രെഡിറ്റ് യൂണിയൻ സംഗമം |
| 10 ഫിൽഗിരി | ഫ്ളോർമാറ്റ് നിർമ്മാണ പരിശീലനം |
| 10 മണ്ണാർകുന്ന് | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 10 തത്തംപള്ളി | സ്വാശ്രയസംഘസംഗമം |
| 11 ആർപ്പൂക്കര, വില്ലൂന്നി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 11 ഏറ്റുമാനൂർ | സ്വാശ്രയസംഘസംഗമം |
| 12 നെടുംകുന്നം | മാറ്റ് നിർമ്മാണപരിശീലനം |
| 13 ആര്യങ്കാവ് | കാർഷിക സെമിനാർ |
| 13 ചെറുവാണ്ടൂർ | സ്വാശ്രയസംഘസംഗമം |
| 13 തൃക്കൊടിത്താനം | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |
| 14 ചാത്തനാട് | സ്വാശ്രയസംഘസംഗമം |
| 14 തൃക്കൊടിത്താനം | മേഖലാ എക്സിക്യൂട്ടീവ് |
| 14 കൈനകരി | ബേക്കറി പരിശീലനം |
| 15 മീൻകുളം | ഫ്ളവർമേക്കിംഗ് പരിശീലനം |
| 15 ഡാൽമുഖം | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 16 ഏറ്റുമാനൂർ | *Men SHG leaders meet* |
| 16 നാലുകോടി | *Men SHG leaders meet* |
| 16 മിത്രക്കരി സെന്റ് സേവ്യേഴ്സ് | *Men SHG leaders meet* |
| 17 ആര്യങ്കാവ് | സ്വാശ്രയസംഘരൂപീകരണം |
| 17 കോട്ടയ്ക്കപ്പുറം | സ്വാശ്രയസംഘസംഗമം |
| 17 പൂന്തോപ്പ് | സ്വാശ്രയസംഘസംഗമം |
| 18 മണിമല ഓൾഡ് | സ്വാശ്രയസംഘസംഗമം |
| 18 പുന്നത്തുറ | സ്വാശ്രയസംഘസംഗമം |
| 19 ആര്യങ്കാവ് | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 20 നാൽപ്പാത്തിമല | തയ്യൽപരിശീലനം സമാപനം |
| 21 പുനലൂർ | സ്വാശ്രയസംഘരൂപീകരണം |
| 22 കറിക്കാട്ടൂർ | സ്വാശ്രയസംഘസംഗമം |
| 23 വെളിയനാട് | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 24 മീൻകുളം | ജൈവകൃഷി പരിശീലനം |
| 24 കട്ടച്ചിറ | സ്വാശ്രയസംഘസംഗമം |
| 29 നെടുംകുന്നം | സംഘരൂപീകരണം |
| 25 കേളമംഗലം | മേഖലാ എക്സിക്യൂട്ടീവ് |
| 25 വെട്ടിമുകൾ | സ്വാശ്രയസംഘസംഗമം |
| 25 മാമ്മൂട് | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 27 വായ്പൂർ | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 27 ഫിൽഗിരി | സ്വാശ്രയസംഘസംഗമം |
| 27 ചേന്നങ്കരി | ഫ്ളോർമാറ്റ് നിർമ്മാണ പരിശീലനം |

| | |
|---|---|
| 29 മീൻകുളം | ഊർജ്ജിതം |
| 29 തെള്ളകം | സ്വാശ്രയസംഘവാർഷികം |
| 30 നെടുംകുന്നം | ആശാകിരണം-കാൻസർബോധവത്ക്കരണം |
| **ഒക്ടോബർ** | |
| 01 പങ്ങട | സ്വാശ്രയസംഘസംഗമം |
| 02 ആയൂർ | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 02 ആര്യാട് | സ്വാശ്രയസംഘസംഗമം |
| 04 നെടുംകുന്നം | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 04 കുടമാളൂർ | മേഖലാ എക്സിക്യൂട്ടീവ് |
| 04 ആര്യങ്കാവ് | കുടനിർമ്മാണ പരിശീലനം |
| 05 മീൻകുളം | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 06 അയർക്കുന്നം | സ്വാശ്രയസംഘസംഗമം |
| 06 ഫിൽഗിരി | യൂണിറ്റ് എക്സിക്യൂട്ടീവ് |
| 07 ആർപ്പൂക്കര | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 08 കൂരോപ്പട | *EAP* |
| 08 കുറുമ്പനാടം | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 09 ആയൂർ | മേഖലാ എക്സിക്യൂട്ടീവ് |
| 11 വടവാതൂർ | സ്വാശ്രയസംഘസംഗമം |
| 11 പുന്നമട | സ്വാശ്രയസംഘസംഗമം |
| 11 ആര്യങ്കാവ് | ഫ്ളോർമാറ്റ് നിർമ്മാണ പരിശീലനം |
| 12 തൃക്കൊടിത്താനം | മേഖലാ എക്സിക്യൂട്ടീവ് |
| 12 വില്ലൂന്നി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 13 പള്ളാത്തുരുത്തി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 15 പനയമ്പാല | സ്വാശ്രയസംഘസംഗമം |
| 15 കരിമ്പനക്കുളം | സ്വാശ്രയസംഘസംഗമം |
| 15 ഫിൽഗിരി | സിബിആർ സംഗമം |
| 15 ആര്യങ്കാവ് | സിബിആർ സംഗമം |
| 13 പള്ളാത്തുരുത്തി | സ്വാശ്രയസംഘസംഗമം |
| 18 പെരുങ്കാവ് | യൂണിറ്റുവാർഷികം |
| 18 കോട്ടയ്ക്കപ്പുറം | സ്വയംതൊഴിൽപരിശീലനം |
| 18 പുല്ലങ്ങടി | സ്വാശ്രയസംഘസംഗമം |
| 19 പനയമ്പാല | കുടനിർമ്മാണ പരിശീലനം |
| 19 ആറുമാനൂർ | യൂണിറ്റുവാർഷികം |
| 18 പള്ളാത്തുരുത്തി | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 20 ചേപ്പുംപാറ | സ്വാശ്രയസംഘസംഗമം |
| 20 പച്ചക്കാട് | ആശാകിരണം-കാൻസർബോധവത്ക്കരണം |
| 20 മീൻകുളം | കാർഷികസെമിനാർ |
| 20 കൈനകരി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 23 എടത്വാ | മേഖല എക്സിക്യൂട്ടീവ് |
| 25 കുളത്തൂർ | സ്വാശ്രയസംഘസംഗമം |
| 25 തെള്ളകം | യൂണിറ്റുവാർഷികം |
| 26 പുന്നക്കുന്നം | സ്വാശ്രയസംഘസംഗമം |
| 26 നാലുകോടി | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 27 മീൻകുളം | കുടനിർമ്മാണ പരിശീലനം |
| 27 കട്ടച്ചിറ | യൂണിറ്റുവാർഷികം |



മനം നിറയ്ക്കും സമ്മാനങ്ങളും, മതിമറക്കും വിലക്കിഴിവുമായി...
CHASS KHADI
ഷോറൂമുകളിൽ
ഓണം • ബക്രീദ്
ഖാദി ഫെസ്റ്റ്
- 2 0 1 8 -
സൗഭാഗ്യോത്സവം
Aug 1 മുതൽ 24 വരെ
വസ്ത്ര - കരകൗശല -
ഫർണീച്ചർ മേള
in association with KERALA KHADI BOARD & K V I C (Govt of India)
CHASS Khadi India
BUMPER
2018
1st prize
WAGONR
2nd Prize
5 പവൻ സ്വർണ്ണം
3rd Prize
1 പവൻ സ്വർണ്ണം വീതം 28 പേർക്ക്
4th Prize
5,000/- രൂപയുടെ Gift Voucher Every Week
MEGA DISCOUNT
30% Govt. Rebate ON ALL KHADI TEXTILES
UPTO 50% off ON SELECT ITEMS
+ 5% ADDITIONAL DISCOUNT ON CASH PURCHASES
Credit Facility (EMI Scheme) Available for Teachers, Govt / Bank Employees
CHASS Khadi India
KHADI GRAMODYOG BHAVAN • KHADI GIFT WORLD
KOTTAYAM SASTRI ROAD
CHANGANASSERY ARAMANAPADY
PALLIKUTTUMMA A.C.ROAD
THIRUVALLA KACHERIPADI
MALLAPPALLY PANCHAYATH JN.
PALLOM M.C.ROAD
MAMMOODU MALLAPALLY ROAD



മുട്ടാർ ഫൊറോന യൂണിറ്റിൽ ഇടവകാംഗമായ ശ്രീമതി ലില്ലിക്കുട്ടി തോമസിന്റെ കുടുംബത്തിന് ചാസ് യൂണിറ്റ് നിർമ്മിച്ചു നൽകിയ ഭവനം.



കുട്ടനാട് യൂണിറ്റിൽ പ്രവർത്തിക്കുന്ന 'മാറ്റം' പുരുഷ സ്വയം സഹായസംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച മത്സ്യകൃഷിയുടെ ഉദ്ഘാടനം മെയ് 20 ന് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ നിർവഹിച്ചു.



ചാസും ചങ്ങനാശ്ശേരി എൻ.എസ്.എസ് ഹയർ സെക്കന്ററി സ്കൂളും സംയുക്തമായി സംഘടിപ്പിച്ച അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണം 2018 ജൂൺ 26 ന് ചാസ് കോൺഫറൻസ് ഹാളിൽ കുറിച്ചി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മനോജ് ജോർജ് മുഖ്യാതിഥിയായി ഉദ്ഘാടനം ചെയ്യുന്നു



ചങ്ങാതിക്കൂട്ടം
കിളിക്കൂട് - 2018 ക്യാമ്പ്
2018 മെയ് 17 – 18

# SAFP സുവർണ്ണ ജൂബിലി ആഘോഷം



SAFP സുവർണ്ണ ജൂബിലി ഉദ്ഘാടനം ജൂൺ 31 ന് മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് നിർവഹിക്കുന്നു.













